
# മഷിപ്പച്ച

ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം

പുസ്തകം 4 ലക്കം 7 പേജുകൾ 39 നവംബർ 2023





## എഴുത്തച്ഛൻ പുരസ്കാര നിറവിൽ
## പ്രൊഫ. എസ്.കെ. വസന്തൻ

(അഭിമുഖം: താരാ അതിയോടത്ത്)

- കഥാപതിപ്പ്
- കാർട്ടൂൺ കേരളം
- കുട്ടികളുടെ മഷിപ്പച്ച

# എഡിറ്റേഴ്സ് പേജ്




ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കണ്ടന്റ് അഡ്വൈസർ:
**വി. യു. സുരേന്ദ്രൻ**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**



ഒരു വർഷം മുമ്പ് നവംബറിൽ തന്നെയാണ് പ്രൊഫ. എസ്.കെ.വസന്തനുമായി, താരാ അതിയേടത്ത് നടത്തിയ ദീർഘസംഭാഷണം മാസികയിൽ പ്രസിദ്ധീകരിച്ചത്. എഴുത്തച്ഛൻ എന്ന ആദരം നല്കി, ഭാഷാപണ്ഡിത ശ്രേഷ്ഠനെ മലയാളം കൊണ്ടാടുന്ന ഈ അവസരത്തിൽ, പ്രസ്തുത ഇന്റർവ്യൂ പുനർപ്രസിദ്ധീകരിക്കുന്നത്, വസന്തൻ മാഷെ അടുത്തറിയാൻ കൂടുതൽ ഉപകരിക്കും. മാസികയുടെ സ്നേഹാദരങ്ങൾ അദ്ദേഹത്തിന് സമർപ്പിക്കുന്നത് ഇവ്വിധമാകണമെന്നത്, മാസികാ പ്രവർത്തകരുടെ ഏക മനസാണെന്നും കുറിച്ചു കൊള്ളുന്നു.

പുതിയലക്കം കഥാപതിപ്പാണ്. സവിശേഷശ്രദ്ധയർഹിക്കുന്ന ഏതാനും കഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കവിതകളുടെ കുത്തൊഴുക്കിലും വേറിട്ട അനുഭവം പകരുന്ന ധാരാളം രചനകൾ പ്രസിദ്ധീകരണത്തിന് ഒരുക്കിവെച്ചിട്ടുണ്ട്. അവയത്രയും അടുത്ത ലക്കങ്ങളിൽ ചേർക്കുന്നതാണ്.

ചില സാങ്കേതിക തടസങ്ങൾ കാരണം, 'സമകാലികം' പംക്തി ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. എം.ആർ.ബാലചന്ദ്രൻ കൈയാളുന്ന, 'കാർട്ടൂൺ കേരളം' എന്നത്തേയും പോലെ, കുറിക്കുകൊള്ളുന്ന സൂചിമുനയായി തുടരുന്നു. പ്രൊഫ. വി.പി.ജോൺസിന്റെ പുതിയ പുസ്തകം, 'കോമാളിയുടെ തൊപ്പി'ക്ക്, പ്രഭാകരൻ പഴശ്ശി എഴുതിയ വിശകലനം, ജോൺസ്മാഷിന്റെ രചനാരീതിയെ പിൻചെല്ലുന്ന എഴുത്താണ്.

ഓരോ ലക്കവും വ്യത്യസ്ത വായനാനുഭവം പകരുന്നതായിരിക്കണം എന്ന ആഗ്രഹം, പ്രസിദ്ധീകരണത്തിന് രചനകൾ തെരയുമ്പോൾ, പുലർത്തിവരുന്നുണ്ട്. അങ്ങനെയേ തുടരൂ എന്നും വാഗ്ദാനം!

**-സി.ആർ.രാജൻ,**
എഡിറ്റർ

# കാർട്ടൂൺ കേരളം






എം. ആർ. ബാലചന്ദ്രൻ

# അകത്താളുകളിൽ


## കഥ

ദിവ്യ സി. ആർ. ........ പേജ് 4
ദർശന ........ പേജ് 8
സബിത രാജ് ........ പേജ് 12
അജിത രാജൻ ........ പേജ് 15
ഗ്രീഷ്മ അമൽ ........ പേജ് 20
പി. ശ്രീകുമാരി ........ പേജ് 24

## കാർട്ടൂൺ

എം. ആർ. ബാലചന്ദ്രൻ ........ പേജ് 3

## അഭിമുഖം

താരാ അതിയേടത്ത് ........ പേജ് 27

## പുസ്തകപരിചയം


ഡോ. പ്രഭാകരൻ പഴശ്ശി ........ പേജ് 34
കെ. സന്തോഷ് ........ പേജ് 36

## കുട്ടികളുടെ മഷിപ്പച്ച ........ പേജ് 37

# കനവുണരുന്ന കടൽരാശി



ദിവ്യ സി ആർ



അയാളൊരു നാടോടിയാണ്. യാദൃശ്ചികമായൊരു പരിചയപ്പെടലായിരുന്നു തുടക്കം. കടലിന്റെ നീലിമയോട് അഗാധമായ പ്രണയം മനസ്സിൽ സൂക്ഷിച്ചതുകൊണ്ടാണ് ജീവിതത്തിൽ ഒറ്റപ്പെട്ടുപോയെന്നു തോന്നിയ നിമിഷം വിശാലമായ സാഗരനീലിമയിലേക്ക് നടന്നിറങ്ങാമെന്ന് തീരുമാനിച്ചത്. ചുറ്റുപാടും നന്നായി നിരീക്ഷിച്ച് ആരുമില്ലെന്ന് ഉറപ്പു വരുത്തി, അധികം തിരക്കുകളില്ലാത്ത ബീച്ചിന്റെ ഒരു ഭാഗത്തേക്ക് ചെന്നിരുന്നു. അപ്പോഴാണ് ഒരു കൂട്ടം കാമുകീകാമുകന്മാരുടെ സങ്കേതമാണ് അവിടമെന്ന് മനസിലായത്. എങ്കിലും അധികം തിരക്കുകളില്ലാത്ത അവിടെ തന്നെ തുടരാൻ തീരുമാനിച്ചു. കുറച്ചകലെ ലൈഫ് ഗാർഡുകളും പോലീസും അവരുടെ സാന്നിധ്യം ഉറപ്പിച്ചിട്ടുമുണ്ട്. ലക്ഷ്യം ആത്മഹത്യയായതുകൊണ്ടു തന്നെ വളരെയധികം സംയമനം പാലിച്ചേ മതിയാകൂ.

ചക്രവാളങ്ങൾ ചുവന്നു തുടങ്ങിയപ്പോൾ പ്രണയസല്ലാപങ്ങൾ മതിയാക്കി ചുറ്റുലുമുണ്ടായിരുന്നവർ യാത്രയായി. കണ്ണെത്താ ദൂരത്തോളം വിശാലമായ കടൽ അത്യധികം ആവേശത്തോടെ എന്നെ ക്ഷണിക്കുന്നു!

ഒരിക്കൽ കൂടി ആരുമില്ലെന്നുറപ്പിച്ച് പതിയെ എഴുന്നേറ്റ് ധീരമായി കടലിലേക്കിറങ്ങി നടന്നു. കരയെ പുണർന്ന് കടലിലേക്കിറങ്ങുന്ന തിര, ആവേശത്തോടെ വരുന്ന

തിരകളിൽ എത്ര ദുർബലമായാണ് തല്ലിത്തകരുന്നത്. ഞാനും ആ തിരയുടെ ഭാഗമായി ഇതാ നിന്നിലേക്ക് വരുന്നു!

എന്റെ നടത്തത്തിന്റെ വേഗത കൂടി. ആരെങ്കിലും ശ്രദ്ധിക്കുന്നതിന് മുൻപ് തിരയിൽ മറയണം. കാലുകൾ വേഗത്തിൽ മണൽപ്പരപ്പ് കടന്ന് വെള്ളത്തിന്റെ നനവിൽ തൊട്ടു. കാൽപാദം കഴിഞ്ഞ് മുകളിലേക്ക് വെള്ളത്തിന്റെ ആഴമുയരുമ്പോൾ സാരി കാലിൽ ഒട്ടിപ്പിടിച്ച് വേഗം കുറച്ചു. പെട്ടെന്നാണ് കൈകളിൽ ആരോ ബലമായി മുറുകെ പിടിച്ചത്. ഒരു നിമിഷം സർവ്വശക്തിയുമെടുത്ത് അയാളെ തള്ളി മാറ്റി, വീണ്ടും കടലിന്റെ അഗാധതയിലേക്കിറങ്ങാൻ തിടുക്കം കൂട്ടി. കടൽ വെള്ളത്തിൽ വീണ് ശരീരം മുഴുവൻ നനഞ്ഞ അയാൾക്ക് ദേഷ്യം വന്നു. വീണ്ടും ശക്തമായി എന്നെ പിടിച്ചു വലിച്ച് കവിളത്ത് ആഞ്ഞടിച്ചു. സ്ഥലകാല ബോധം നഷ്ടപ്പെട്ട എന്നെ മണൽത്തീരത്തേക്ക് വലിച്ചടുപ്പിച്ചു. അയാളുടെ വസ്ത്രത്തിൽ പറ്റിപ്പിടിച്ച മണൽത്തരികളെ കുടഞ്ഞുണക്കി വീണ്ടും എനിക്കരുകിലേക്ക് വന്നിരുന്നു. അയാളുടെ നോട്ടം വകവയ്ക്കാതെ ദേഷ്യത്തോടെ തലവെട്ടിച്ച് തിരിഞ്ഞിരുന്നു.

‘ എന്താ നിങ്ങളുടെ പ്രശ്നം?‘

‘എന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ നിങ്ങളാരാ.?‘

‘എന്റെ അച്ഛനാണോ? അതോ ഭർത്താവോ ?‘



‘അതോ ആങ്ങളയോ കാമുകനോ?‘

അവസാനത്തേത് വേണമെങ്കിൽ ആവാം.‘

‘ ആഹാ! കൊള്ളാലോ. ഞരമ്പ് രോഗി!‘

അടക്കിവച്ചിരുന്ന രോഷം തിളച്ചു തുടങ്ങിയപ്പോൾ ഞാൻ എഴുന്നേറ്റ് തിരിഞ്ഞു നടക്കുവാൻ തുടങ്ങി.

‘ എനിക്കിതു വേണം! ജീവൻ രക്ഷിച്ചതിന്റെ പ്രതിഫലം!‘

‘ഹ ഹ ഹ ‘

അയാളുടെ അലറിയ ചിരി എന്റെ കാതുകളിൽ രാക്ഷസത്തിര പോലെ അലയടിച്ചു കൊണ്ടേയിരുന്നു.

ആത്മഹത്യാശ്രമം പരാജയപ്പെടുത്തിയ മനുഷ്യനോ

ട് ജാള്യത കലർന്ന നീരസം ഉയർന്നു വന്നതിനാൽ തിരിഞ്ഞു നോക്കാൻ തോന്നിയതേയില്ല.

വീട്ടിലേക്ക് തിരിച്ചെത്തുമ്പോൾ പതിവ് വഴക്കുകളുടെ കോലാഹലങ്ങൾ കെട്ടഴിഞ്ഞിരുന്നു. ഭർത്താവ് വീട്ടിൽ നിന്നിറങ്ങി പോയിരിക്കുന്നു. മക്കൾ അവരവരുടെ മുറികളിൽ അവരുടെതായ തിരക്കുകളിൽ വ്യാപരിക്കുന്നു. അവരെ ശ്രദ്ധിക്കാതെ ഞാനെന്റെ മുറിക്കുള്ളിലേക്ക് കയറുമ്പോൾ, ഉണങ്ങിപ്പിടിച്ച മണൽത്തരികളും ഉപ്പുവെള്ളവും ശരീരത്തെ വരിഞ്ഞു മുറുക്കാൻ തുടങ്ങി. കുളിമുറിയിൽ കയറി കുളിക്കാനായി ഷവർ തുറന്നു വച്ചു. തണുത്ത വെള്ളം തലയിൽ വീണപ്പോൾ പരിസരബോധം വീണ്ടെടുത്തു. കവിൾത്തടത്തിലൂടെ ഒലിച്ചിറങ്ങിയ വെള്ളത്തിന് പൊള്ളുന്ന ചൂട് അനുഭവപ്പെട്ടു. മെല്ലെ വിരലുകൾ ചേർത്തപ്പോൾ ഞെട്ടി.

അയാൾ തല്ലിയ കവിൾത്തടം തിണുർത്തിരിക്കുന്നു!

വല്ലാതെ വേദനിക്കുന്നു!

'എന്നെ വേദനിപ്പിക്കാൻ അയാൾ ആരാണ്? ഇന്നേവരെ ആരും എന്നെ ഉപദ്രവിച്ചിട്ടില്ല. എന്നിട്ടും ഞാനെന്താ ഒന്നും മിണ്ടാതെ തിരിച്ചു വന്നത്?'

അതുവരെ ഉണ്ടായിരുന്ന കുടുംബപ്രശ്നങ്ങളും അതിന് പരിഹാരമായി തിരഞ്ഞെടുത്ത വഴിയും മറന്ന് എന്റെ ചിന്തകൾ അയാളുടെ പിന്നിലെയായി.

അയാൾ അതിക്രൂരമായി എന്നെ തല്ലിയിരിക്കുന്നു. മുറിക്കുള്ളിലെ കണ്ണാടിയിൽ പലതവണ മുഖം നോക്കി. കൈ ചേർത്ത പാടുകൾ വളരെ വ്യക്തമായി പതിഞ്ഞിട്ടുണ്ട്.

' അമ്മാ.. ഞങ്ങൾക്ക് അമ്മയോടും അച്ഛനോടും കുറച്ചു കാര്യങ്ങൾ സംസാരിക്കാനുണ്ട്.'- മക്കളുടെ മുമ്പിൽ വിശദീകരണത്തിനുള്ള സമയമാണ്.

' എന്താ നിങ്ങൾക്ക് പറയുവാനുള്ളത്?'

ഭർത്താവിനോടുള്ള ദേഷ്യം ഉച്ചസ്ഥായിയിൽ ഉറഞ്ഞു തുള്ളുന്ന പതിവിൽ നിന്ന് വളരെ ശാന്തമായി ചോദിച്ചു.

'എന്തിനാണ് നിങ്ങൾ രണ്ടു പേരും ഇങ്ങനെ വഴക്കിടുന്നത് ? ഞങ്ങൾക്ക് ഇത്തിരി സമാധാനം തന്നൂടെ?'

'അയാളുടെ എല്ലാ തോന്ന്യാസങ്ങളും ക്ഷമിച്ച് ഞാൻ മിണ്ടാതിരിക്കണമെന്നാണോ?'

' നിങ്ങൾക്ക് രണ്ടു പേർക്കും ഒന്നിച്ചു പോകാൻ കഴിയില്ലെന്ന് അറിയാമല്ലോ. വേർപിരിഞ്ഞ് സമാധാനമായി ജീവിക്ക്. ഞങ്ങൾ ഹോസ്പിറ്റലിൽ പൊയ്ക്കോളാം. ഞങ്ങളെ ഓർത്ത് ആരും ഒന്നും സഹിക്കുകയും ക്ഷമിക്കുകയും വേണ്ട.'

മക്കൾ വളർന്നു പോയിരിക്കുന്നു. അവർ ജീവിതത്തെക്കുറിച്ച് വളരെ വ്യക്തമായി ചിന്തിച്ചിരിക്കുന്നു!

' ഞാനോ..?'

ഭർത്താവ്, മക്കൾ, വീട്..!

എത്ര ബാലിശമായിരുന്നു..!

'ഞങ്ങൾ അച്ഛനോട് സംസാരിച്ചു. ഇനി അമ്മയുടെ തീരുമാനം പറയാം.'

എന്നോ പൊട്ടിപ്പോയൊരു ബന്ധം ഇനിയും ചേർത്തു വച്ചിട്ടെന്തിനാണ്?മക്കളായിരുന്നു ഇതുവരെ പിടിച്ചു നിർത്തിയത്. ഇന്ന് അവർ തന്നെ തീരുമാനങ്ങളെടുക്കുന്നു.

നന്നായി!

'എനിക്കും സമ്മതം.'

തുടർന്നുള്ള ദിവസങ്ങളിൽ അത് തന്നെ സംഭവിച്ചു. പരസ്പരം പഴി ചാരി രക്ഷപ്പെടാൻ ശ്രമിക്കാതെ, വിഴുപ്പുകെട്ടിന്റെ ഒരു ചെറിയ ഭാണ്ഡം പോലും പൊട്ടിക്കാതെ അങ്ങനെ ഒരു ദാമ്പത്യം ആ കോടതി വരാന്തയിൽ അവസാനിപ്പിച്ചു.

ഇന്ന്, കടലിലേക്ക് നോക്കിയിരിക്കുമ്പോൾ വളരെയധികം ആത്മസംതൃപ്തി തോന്നുന്നു. ആരുടെയും അധികാരങ്ങൾക്കോ അവകാശങ്ങൾക്കോ അടിമപ്പെടാത്ത പെൺമനസ്സ് എത്രത്തോളം സന്തോഷം അനുഭവിക്കുന്നുണ്ടെന്ന് ചോദിച്ചാൽ..

'ദാ..ഈ കടലോളം!' എന്നാവും പറയുക.

' ഹേയ്.. ഇന്നും കടലിലേക്കിറങ്ങി പോകാൻ തോന്നുന്നുണ്ടോ.?'

അനുമതി കാത്തു നിൽക്കാതെ അയാൾ

എനിക്കരുകിലെ മണൽത്തിട്ടമേലിരുന്നു. അല്പം സങ്കോചത്തോടെ ചിരിക്കാൻ ശ്രമിച്ചുവെങ്കിലും പരാജയപ്പെട്ടു. അസ്തമിക്കാനായി ചക്രവാളങ്ങളെ പുൽകുന്ന സൂര്യനെ നോക്കി; വർണ്ണങ്ങൾ വാരി വിതറിയ ആ മനോഹരമായ യാത്ര പറച്ചിൽ നോക്കി അങ്ങനെയിരുന്നു പോയി.

'ഇതിനേക്കാൾ മനോഹരമായി തിരിച്ചു വരുമെന്ന ഓർമ്മപ്പെടുത്തൽ!'

എന്റെ മനസ് വായിച്ചിട്ടെന്നോണം അയാൾ പറഞ്ഞു. വേർപാടിന്റെ വേദനയോടെ ഒരു ഗസൽ അയാൾ ആരും കേൾക്കണമെന്നോ ആസ്വദിക്കണമെന്നോ വാശി പിടിക്കാതെ മൂളിത്തുടങ്ങി. ആ മധുരശബ്ദത്തിൽ എന്റെ ഈർഷ്യകളെല്ലാം അലിഞ്ഞിറങ്ങി. ആ ഗാനം ആസ്വദിച്ചിട്ടെന്ന പോലെ സൂര്യൻ പൂർണ്ണമായും രംഗം ഉപേക്ഷിച്ചിരുന്നു. ശ്രോതാക്കളുടെ പ്രശംസയും കൈയടിയും പ്രതീക്ഷിക്കാത്ത ഗായകനെ പോലെ അയാൾ മണൽത്തരികൾ തട്ടിക്കുടഞ്ഞ് എഴുന്നേറ്റ് നടന്നു. അയാൾക്കൊപ്പം ഞാനും അനുഗമിച്ചു.

'ഞാൻ മായ.'

'ഞാൻ നാടോടി.'

'ങേ..?' പൊട്ടിയ ചിരി ഉള്ളിലൊതുക്കി ഞാൻ അതിശയം കൂറി.

'പേരിനും വീടിനും നാടിനും ഒറ്റ മേൽവിലാസം: നാടോടി.'

'ഞാൻ..'

'കൂടുതൽ നിങ്ങളെ കുറിച്ച് അറിയണമെന്നില്ല. വിളിക്കാനൊരു പേര്. അതുതന്നെ ധാരാളം.'

അയാളിലെ അരാജകവാദിയോട് വല്ലാതെ അരിശം തോന്നി.

സാധാരണ നാടോടി എന്ന് കേൾക്കുമ്പോൾ വായിച്ചും സിനിമകളിൽ കണ്ടുമൊരു രൂപമുണ്ട്. പക്ഷേ ഈ മനുഷ്യനിൽ അതെല്ലാം തികച്ചും അപ്രായോഗികം. മനോഹരമായി തുന്നൽപ്പണികൾ ചെയ്തൊരു തുണിസഞ്ചി മാത്രമാണ് പേരിനോട് ചെറിയ രീതിയിൽ നീതി പുലർത്തുന്നത്.

വീണ്ടും വീണ്ടും കണ്ടുമുട്ടലുകൾ ആവർത്തിച്ചു. ഓരോ ദിവസവും സംസാരിക്കുന്ന വിഷയങ്ങൾ ഓരോന്നായി. ആ കടൽത്തീരങ്ങളും ആളൊഴിഞ്ഞ സിമന്റ് ബെഞ്ചും ഇളം ചൂടിൽ തർക്കശാസ്ത്രങ്ങളിലേർപ്പെട്ടു.

ആകാശത്തോളം പടർന്ന ആഗ്രഹങ്ങളുടെ വർണ്ണരാജികളെ കുറിച്ച് ഞാൻ പറയുമ്പോൾ പതുപതുത്ത നനവുള്ള പുതുമണ്ണിനെ അയാൾ ഓർമിപ്പിച്ചു. ഞാൻ സ്വപ്നങ്ങളെ കുറിച്ചും പാറിപ്പറക്കുന്ന അപ്പൂപ്പൻ താടിയുടെ സ്വാതന്ത്ര്യത്തെ കുറിച്ചും വാചാലമാകുമ്പോൾ ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളെ കുറിച്ചും പൊള്ളയായ ഭ്രമങ്ങളെ കുറിച്ചും എന്നോട് വാദിച്ചു കൊണ്ടേയിരുന്നു. പരസ്പരമൊരു ആത്മബന്ധത്താൽ ഞങ്ങൾക്കിടയിലെ ബന്ധനം മുറുകുന്നതു പോലെ എനിക്ക് തോന്നി. കൗതുകം ജനിപ്പിക്കുന്ന അയാളുടെ കണ്ണുകളിലെ തിളക്കം ഒരിക്കലും എന്നെ വിട്ടു പോകരുതെന്ന വാശി എന്നിൽ ആധിപത്യം സ്ഥാപിച്ചു കഴിഞ്ഞിരുന്നു.

ആദ്യമായി കണ്ടുമുട്ടിയ കടൽത്തീരത്തു വച്ചാണ് അവസാനമായി വീണ്ടും കണ്ടത്. അസ്തമയ സൂര്യന്റെ ചുവപ്പ് പടർന്നിറങ്ങും ജലരാശിയെ നോക്കി,

'എനിക്ക് നിങ്ങളെ പിരിയാൻ വയ്യ'ന്ന് പറയണമെന്ന് തോന്നി.

മൗനം കടന്നു വന്ന വഴികളെ ബലപ്പെടുത്താൻ എന്നോണം തിരകളെ താലോലിക്കുന്ന അയാളുടെ കണ്ണുകളിൽ നോക്കി പറയാൻ ധൈര്യം പതറി നിന്നു.

കടലിന് അഭിമുഖമായി കുറച്ചു സമയം കൂടി നോക്കിയിരുന്ന്, നിശബ്ദനായി അയാൾ ആ മണൽത്തരികളിലൂടെ നടന്നകന്നു പോയി.

●



# മേരെ പ്യാരെ ദേശവാസിയോം

തെക്കേടത്തമ്മ ധ്യാനത്തിലായിരുന്നു ധ്യാനംന്ന് വച്ചാ മെഡിറ്റേഷൻ . ദീർഘമായ ഇരിപ്പിനൊടുവിൽ തലതാണ് ഉറങ്ങിപ്പോയി. കൂർക്കം വലിച്ചു കൊണ്ടുള്ള നല്ല ഉറക്കം. നന്നായി ക്ഷീണിച്ചുറങ്ങുമ്പോഴാണത്രേ കൂർക്കം വലിക്കുക. മെഡിറ്റേഷനും നല്ലൊരു അധ്വാനം തന്നെയാണല്ലോ. അനങ്ങാതെ ഒരേ ഇരിപ്പ് ഇരിക്കണ്ടേ. അങ്ങനെ ധ്യാനത്തിൽ നാഗവല്ലിയെ സ്വപ്നം കണ്ടു. ആടിത്തിമിർക്കുകയാണ്. വനിതാബിൽ ലോകസഭയിൽ പാസായതിന്റെ സന്തോഷത്തിലാണ് നാഗവല്ലി. നേരെ ചൊവ്വേ നടന്നിട്ട് ശങ്കരൻതമ്പിമാരെ പൂട്ടാൻ സാധിക്കുന്നില്ല. സംവരണമെങ്കിൽ സംവരണം.

പൊടുന്നനെയാണ് 'എന്നവളെ അടി എന്നവളെ എന്തെൻ ഇദയത്തെ തൊലയ്ന്ത്



ദർശന

വിട്ടേൻ എന്ന ഇടം അത് തൊലന്തയിടം എന്ന ഇടത്തെയും മറന്ത് വിട്ടേൻ' എന്ന് മുഴങ്ങിയത്.

'യാരെടാ ഇന്ത മഹാപാപി. എന്നോട മെഡിറ്റേഷൻ മുടിഞ്ചാച്ച് .' നാഗവല്ലിയിൽ നിന്ന് വേർപെടാതെ പിറുപിറുത്തുകൊണ്ട് തെക്കേടത്തമ്മ കണ്ണ് തുറന്നു. യാരെയും പാർത്തതില്ലെ. . ദൂരെ മാറി അരയാലിന്റെ ചോ

ട്ടിൽ വാസേവൻനായർ ഇരിക്കുന്നു. അടു ത്ത് ചൂലും പിടിച്ചു നിൽപ്പുണ്ട് പാറു. രണ്ടു പേരും ഗംഭീര ചർച്ചയിലാണ്. വീണ്ടും ഒരി ക്കൽ കൂടി ' എന്നവളെ ' മുഴങ്ങി.

മുന്നിലെ കൽത്തറയിൽ വച്ചിരിക്കുന്ന സ ഞ്ചിക്ക് മുകളിലിരിക്കുന്ന കുന്ത്രാണ്ടത്തിൽ നിന്നാണ് എന്നവളെ ഉയരുന്നത്. ത്രികാല ജ്ഞാനിയായ തെക്കേടത്തമ്മ തൃക്കൺ പാർത്തു. പ്രസാദനാ വിളിക്കുന്നത്. കാശി ല്ല കാശില്ല എന്ന് നാഴികക്ക് നാൽപ്പതു വ ട്ടം ആവലാതി പറഞ്ഞിട്ട് ഇവൾക്ക് ഫോൺ മേടിച്ച് കൊടുക്കാൻ കാശുണ്ട്. ഇവിടെ കൊ ണ്ടു വയ്ക്കുന്ന അവലില് രണ്ടച്ച് ശർക്കര യിടാനോ കണ്ണ് കാണാൻ വൈകിട്ട് ഒരു തി രി തെളിയിക്കാനോ പറഞ്ഞാൽ മേടിക്കാൻ പാങ്ങില്ലത്രെ.

വീണ്ടും ഒരിക്കൽ കൂടി ഫോൺ ശബ്ദി ച്ചു.. വർത്തമാനത്തിന്റെ കടുംതാളത്തിൽ പാറു കേൾക്കുന്നേയില്ല. തെക്കേടത്തമ്മ ഫോണെടുത്ത് ചെവിയിൽ വെച്ചു. മെഡി റ്റേഷനിൽ നിന്ന് ഉണർത്തിയതിന്റെ ഹാ ങ്ങോവർ വിടാത്തതിനാൽ " യാരത് ' എ ന്ന് മൊഴിഞ്ഞു. പച്ചയും ചുവപ്പും ഞെക്കാൻ ആരും പഠിപ്പിക്കണ്ടല്ലോ.

'നിങ്ങളിത് എവിടെ പോയി കിടക്കാണ്. ഇങ്ങോട്ട് വരാറായില്ലേ.'

'ഇത് നിന്റെ അമ്മയല്ല. '

ചെക്കൻ ഡീസന്റായി.

' ആരാ സംസാരിക്കുന്നത്. ഇത് അമ്മ യുടെ നമ്പറാണല്ലോ.'

'ഞാൻ ഭാഗോതിയാടാ

ഭഗോതി. '

പ്രസാദനൊന്നു ഞെട്ടി.

ആയമ്മ മൊബൈലൊക്കെ നോക്കോ.

'ത്രികാലജ്ഞാനിയായ എന്നെ നീ ഫോൺ ചെയ്യാൻ പഠിപ്പിക്കേണ്ട.

എങ്ങനെയുണ്ട് അന്റെ ബിസിനസ്? '

'തരക്കേടില്ലാണ്ട് പോണു.'

'അതെന്താ തരക്കേടില്ലാണ്ട് . എഴുത്തു കാരുടെ കയ്യിന്ന് കാശ് മേടിച്ചിട്ടല്ലേ നീ പു സ്തകം എറക്കണെ.

പിന്നെ നിനക്കെവിവിടുന്നാ നഷ്ടം . നി ന്റെ അമ്മയെ പറ്റിക്കുന്ന പോലെ എന്നെ പറ്റിക്കാന്ന് വിചാരിക്കേണ്ട. വന്ന വഴി മറ ക്കണ്ട ട്ടാ.'

ചെക്കൻ ഫോൺ വെച്ചു.

പറഞ്ഞു കഴിഞ്ഞപ്പോൾ മനസ്സിന് നല്ല സുഖം തോന്നി. പതുക്കനെ എണീറ്റ് ആൽ ത്തറക്കൽ ചെന്നിരുന്നു. വർത്തമാനത്തിന്റെ മുറുക്കത്തിനിടയിൽ രണ്ടുപേരും കണ്ടിട്ടി ല്ല. അത് നന്നായി ഇപ്പൊ രണ്ടാൾക്കും ദർ ശനം കൊടുക്കണ്ട. എന്താ പറയുന്നേന്നൊ ന്ന് കേൾക്കാലോ. തെക്കേടത്തമ്മ ചെവി യോർത്തു.

വനിതാ ബില്ലിലാണ് ചർച്ച.

'എന്റെ പാറു കാര്യം നീ തെക്കേടത്തിന്റ വിടെ അടിച്ചുതളിക്ക് പോകുന്നുണ്ട്ന്നുള്ള ത് സത്യം. ആ നമ്പൂരി ശരിയല്ലാട്ടോ. വല്യ വല്യ ആൾക്കാരുമായിട്ടാണ് ഇപ്പോൾ മൂപ്പ രുടെ കളി. മ്മടെ ശാസ്ത്രജ്ഞന്മാരൊക്കെ ഇപ്പൊ അങ്ങേരെ കാണാൻ ക്യൂ നിൽക്കാ ണ് ന്നാ നാട്ടുകാര് പറയുന്നെ.

രാമകവ്യാണെങ്കിൽ അവിടെ പെറ്റു കിട ക്കാ. '

' അതുപോട്ടെ, ഇയ്യെന്തിനാ കൊടിയും പിടിച്ച് പ്രകടനത്തിന്റെ മുന്നിൽ നടന്നെ. തെ ക്കേടത്തിന്റെ അന്തർജനോം രാമകവീടെ സീതെം എവിട്യാരുന്ന്. അന്തപുരത്തിന്ന് എ റങ്ങ്യാ' .

' വാസേട്ടാ കാര്യങ്ങൾ ഇങ്ങള് വിചാരി ക്കണ പോലെയല്ല.

വനിതാ ബില്ല് പാസായില്ലേ.

കാര്യം ഈ നാട്ടില് ഇക്കണ്ട പെണ്ണുങ്ങ ളുണ്ടായിട്ട് തെക്കേടത്തിനെകൊണ്ടോ രാ മകവ്യെ കൊണ്ടോ ആളെ കൂട്ടാൻ കഴി ഞ്ഞോ. അത് ഈ പാറുന്റെ മിടുക്കന്ന്യാ.. കുടുംബശ്രീല് പാറു പറയുന്നേനാണ് കാ ര്യം. .

തെക്കേടം പറഞ്ഞു പാറു ജാഥക്കിത്തി രി പെണ്ണുങ്ങള് വേണം ന്ന്.


ഇയ്ക്കും ചില നോട്ടംണ്ടെന്ന് കൂട്ടിക്കോ.

എലക്ഷനല്ലേ വരാൻ പോണ്.'

'അതിന് പാറോ , ഇയ്യ് കഴിഞ്ഞ മാസം ചോന്ന ബ്ലൗസും സാരീം ഉടുത്ത് ഒരു ജാ ഥയ്ക്ക് പോയിണ്ടാരുന്നു ല്ലോ .

അതീന്ന് പോന്നാ.'

'അയിലിപ്പോ നിന്നിട്ട് വല്യ കാര്യല്ല്യ, വാ



അവിടെയുണ്ട് ഒരുത്തി. സംവരണം ഇല്ല്യാണ്ട് തന്നെ തലയിലാണ് ഇരിപ്പ്. ശിവ ശിവ കലികാലം. '

വാസേവൻനായര് ആൽത്തറയിൽ നിന്നെണീറ്റ് മുണ്ടൊന്ന് തട്ടിക്കുടഞ്ഞ് നടന്നു.

'അല്ല വാസേട്ടാ. നിങ്ങളൊന്ന് ചിന്തിച്ചു നോക്ക് . പണ്ട് മനപ്പറമ്പിന്റെ അയിലോക്കത്തുകൂടി കടന്നു പോകാൻ പറ്റാതിരുന്ന ആൾക്കാരല്ലേ ഞങ്ങൾ . ആ ഞങ്ങക്ക് ഇത്തിരി സ്ഥാനം കിട്ടണത് കണ്ടപ്പോൾ നിങ്ങളെന്തിനാ ഇത്രയും കുശുമ്പും കുന്നായ്മയും കൊണ്ട് നടക്കണ്.'

പാറുവിന് ദേഷ്യം വന്നു.

'വെറുതെയല്ല ഇങ്ങളെ മൂരാച്ചി ന്ന് വിളിക്കണേ.' പിറുപിറുത്തുകൊണ്ടവൾ ചൂലിന്റെ കട ആൽത്തറക്കൽ കുത്തി കെട്ടുറപ്പിച്ചു. പിന്നെ കാവിനകത്തേക്ക് നടന്നു.

തെക്കേടത്തമ്മയ്ക്ക് ചിരി പൊട്ടി. വാസേവൻനായർ ശേഷം കേൾക്കാഞ്ഞത് നന്നായി. വെറുതെയല്ല പെണ്ണിന് കുറച്ചു ദിവസമായി ഒരു നെഗളിപ്പ്.

ചെമ്മീൻ ചാടിയ മുട്ടോളം പിന്നെയും ചാടിയാ....

അപ്പോ ഇതൊക്കെ ആ തെക്കേടം നമ്പൂരീടെ തലയിലുദിച്ച ബുദ്ധിയാവും. രാമകവീം ഉപദേശിക്കാൻ മോശക്കാരനല്ല . ഇപ്പോ സ്ഥിരമായി അവിടെ തന്നെയാണ് കുടിയിരുപ്പ്.

ഏതോ ഒരു സുഭാഷിണീമായിട്ടാണ് ലോഹ്യം. പാവം സീത. സംവരണം ണ്ടായിട്ട് എന്താ കാര്യം.

സേട്ടാ. മിണ്ടിയാൽ ഈ ഡി വീട്ടിൽക്ക് വരും. മാത്രല്ല, പെണ്ണുങ്ങളെ തടഞ്ഞിട്ട് നിൽക്കാൻ പറ്റില്ല.

ഇതാവുമ്പോൾ കുറച്ചുപേരേള്ളൂ. പിന്നെ ഞങ്ങളെപ്പോലുള്ളോർക്ക് മുൻഗണനേണ്ട്. '

'എന്റെ പാറു , ഈ ഇലക്ഷന് അത് നടക്കുംന്ന് തോന്നണ്ടോ. 2024 ലെ സെൻസസ് കഴിയണം. വല്ലോരും പറയുന്നതും കേട്ട് എടുത്തുചാടി നടന്നോ. '

'വാസേട്ടാ , ഇങ്ങള് പഠിപ്പിക്കാനൊന്നും വരണ്ട. എന്തൊക്കെയാ ചെയ്യേണ്ടതെന്ന് പാറുവിന് നന്നായിട്ട് അറിയാം.'

'എന്നാ ഈയ്യ് പഞ്ചായത്തെലക്ഷനിലൊക്കെ മത്സരിച്ചിട്ട് വായോ. ഞാൻ പോണു. നേരത്തിനും കാലത്തിനും കുടുംബത്തിലു ചെന്നില്ലെങ്കിലേ കഞ്ഞി കിട്ടാത്ത കാലമാ.

തേവരുടെ തേവാരം കഴിഞ്ഞിട്ടില്ല്യാന്ന് തോന്നുന്നു. ഏതോ ഒരു ഹിന്ദിക്കാരനാണ് പൂജാരി. തേവരുടെ ഒരു യോഗം. പണ്ട് എം ബ്രാന്തിരിയായിരുന്നപ്പോൾ എന്തേലുമൊക്കെ കഴിച്ചൂട്ടി വേഗം അവസാനിപ്പിച്ചിരുന്നു. ഇതിപ്പോ പൂജ കഴിയാണ്ട് തേവര് ക്ക് പുറത്ത് കടക്കാൻ പറ്റാത്ത ഗതികേടിലായി.

പാവം. അല്ല പറഞ്ഞിട്ടെന്താ കാര്യം. തീവണ്ടി പുറപ്പെടാൻ നേരത്ത് പാളത്തിലിരുന്ന് പൂജ ചെയ്ത ആൾക്കാരല്ലേ. പൂജിച്ചില്യാന്ന് ച്ചാ തീവണ്ടി പോകൂല്ലെ. ഇക്കണ്ട കാലായിട്ടും ഇത്രേം വിദ്വാന്മാരുണ്ടായിട്ടും ഈ അപ്പി പാളത്തിൽ വീഴാതെ നോക്കാനുള്ള വിദ്യേന്തേ കണ്ടുപിടിച്ചില്യാ . തെക്കേടത്തമ്മയുടെ ചിന്തകൾ ചുറ്റിത്തിരിയുന്ന നേരത്ത്

പാറു നേരെ കാവിനു മുന്നിൽ ചെന്ന് നിന്നു.

'നിങ്ങളിങ്ങനെ മുത്തനൊറങ്ങി ഇതിനുള്ളിൽ തന്നെ ഇരുന്നോ. അവാഹിക്കാൻ
വരണൊണ്ട്.'

'എന്താ പാറു നീ പറയണ്'

തെക്കേടത്തമ്മ പിന്നിൽ നിന്ന് ചോദിച്ചു.

'ആഹാ, ഇതിനുള്ളിൽ ഇല്ലായിരുന്നോ. അപ്പോഴേക്കും എവിടേക്കാ പോയേ. ഇറങ്ങി നടന്നോളും. ആൾക്കാരെ വഴിതെറ്റിക്കാൻ. '

'അതിനിപ്പം ഞാനെന്ത് ചെയ്തു ന്നാ'

'നിങ്ങളിങ്ങനെ എടയ്ക്കെടയ്ക്ക് പ്രത്യക്ഷപ്പെട്ട് നടക്കണത് കൊണ്ടല്ലേ ആൾക്കാരേക്കൊണ്ട് പറയിക്കണത്. . ഈ ആൽത്തറയിൽ വന്നു കൂടണോരൊക്കെ വഴിതെറ്റണ് ണ്ടെന്നാ നാട്ടുകാര് പറയണേ. കാര്യം എന്റെ ചെക്കനും അക്കൂട്ടത്തിലിണ്ട്ന്ന്വച്ചാലും. നിങ്ങളീ ചെറുപ്പക്കാരടെ തല തിരിക്കുന്ന പരിപാടി ശരിയല്ലാട്ടോ. ഈ നാട്ടിലെ ഒറ്റ ചെക്കൻമാർക്ക് കാരണോമ്മാരെ വെലേണ്ടോ. ഇന്നേ, ജാതീം മതോം വേണ്ടാന്ന് വയ്ക്കാൻ ആർക്കെങ്കിലും പറ്റോ . വോട്ട് ചോദിക്കുന്നത് പോലും ജാതീം മതോം പറഞ്ഞിട്ടാ.

ചെക്കൻമാർക്ക് തലതിരിഞ്ഞ ബുദ്ധി ഉപദേശിക്കണത് നിങ്ങളാന്നാ നാട്ടുകാര് പറയണേ. '

പാറു ഒറ്റ ശ്വാസത്തിൽ പറഞ്ഞു നിർത്തി.

' പ്രശ്നത്തില് തെളിഞ്ഞു. നിങ്ങളിവിടെ ഇരിപ്പുണ്ട്ന്നുള്ള കാര്യം. '

'ഇതൊക്കെ അന്നോടാരാ പറഞ്ഞേ',

'രാമേട്ടൻ, തെക്കേടത്തിന്റെ തിണ്ണയിലിരുന്നു ഇഡ്ഡലിയും ചട്ണിയും കഴിക്കുമ്പോ എന്നോട് പറഞ്ഞതാ.. കുടികെടപ്പ് ന്ന് പറഞ്ഞു കിട്ടിയത് മനപ്പറമ്പിന്റെ ഒരു കഷണാണെങ്കിലും ഈ കാവിരിക്കുന്ന ഭാഗം തെക്കേടം മനഃപൂർവായിട്ട് തന്നതാണെന്നാ എനിക്ക് തോന്നണെ . ഇതിപ്പോ നിങ്ങള് കാരണം കയ്യില് വെക്കാനും പറ്റില്ല. കൊണ്ട് നടക്കാനും പറ്റില്ല ആകെ ഗതികേടിലായി. കാര്യം ആവാഹനൊക്കെ കഴിഞ്ഞ് കൊണ്ടുപോയി ന്നാണ് അന്ന് പറഞ്ഞത്.

അപ്പോ മച്ചിലോട്ട് ഇപ്പൊ ഭഗോതി ഇല്യെ.'

പാറു ചിന്താധീനയായി.

'അപ്പോ, അതാണ് കാര്യം. ആയമ്മയ്ക്ക് ഈ സ്ഥലം വിക്കാൻ പറ്റാത്ത ഗതികേടിലാണ് '.

തെക്കേടത്തമ്മയ്ക്ക് ചിരിയടക്കാൻ വയ്യാതെയായി . ഉറക്കെ ചിരിച്ചു . അരയാലിലകൾ ഒപ്പം ചിരിച്ചു.. ചിന്തയിൽ മുഴുകി പോയ പാറു അന്തംവിട്ടു നോക്കി.


തെക്കേടത്തമ്മയും മച്ചിലോട്ട് ഭഗവതിയും ഇരട്ടകളാന്ന് ഇവൾക്ക് ആരാ പറഞ്ഞു കൊടുക്കാൻ. അന്ന് ആവാഹനം ന്ന് പറഞ്ഞു എന്തൊക്കെയോ കാട്ടിക്കൂട്ടിയപ്പോൾ നമ്പൂരിയെ നാണം കെടുത്തണ്ട ന്ന് വിചാരിച്ചു മച്ചിലോട്ടമ്മയാ കൂടെ പോയത്. അല്ലേലും അവൾ പണ്ടേ അന്തപുരത്തിൽ വാഴാൻ കൊതിയുള്ളവളാ . ഈ തെക്കേടത്തമ്മേനെ ആവാഹിക്കാൻ രാമകവീം അയാളുടെ നമ്പൂതിരീം രണ്ടാമത് ജനിക്കണം.

കാവിനകത്തേക്ക് കയറിയിരിക്കുമ്പോൾ തെക്കേടത്തമ്മ അറിയാതെയൊരു
പാട്ട് മൂളി .

'എന്ന തവം ചെയ്ത നീ ....'

●

കഥ



# അന്നൊരിക്കൽ....



സബിത രാജ്

**വി**ണ്ടുകീറിയ കാല്പാദങ്ങളെ സാരിക്കീഴിലൊളിപ്പിച്ച് അവർ അയാളെ നോക്കി.

'കഴിഞ്ഞ കാലത്തിലെപ്പോഴെങ്കിലും എന്നെ ഓർത്തിട്ടുണ്ടോ ?'

ചുളുവു വീണ മുഖത്തെ ഉന്തിയ എല്ലുകളെ
എടുത്ത് കാണിച്ച് അയാൾ ചിരിച്ചു.
' ഇടയ്ക്കൊക്കെ.'

വെള്ളപ്പാട മൂടിയ കണ്ണിന്റെ ഇരുവശവും കെട്ടിനിന്ന കണ്ണീർ ചാലിനെ പിടിച്ചു നിർത്താൻ ശ്രമിക്കവെ വിതുമ്പി തുടങ്ങിയ ചുണ്ടുകളെ ചിരിച്ചെന്ന് വരുത്തി
തീർക്കാൻ തുടങ്ങവെ അവർ വീണ്ടും സംസാരം തുടർന്നു.
' ഞാൻ ഓർക്കാറുണ്ടായിരുന്നു...
എന്നും...
അടുക്കള തിണ്ണയില് പാത്രം കഴുകുമ്പോൾ ,
തുണി അലക്കുമ്പോൾ,
അടുക്കളയില് തീകായുമ്പോൾ,
മുറ്റമടിക്കുമ്പോൾ,
സന്ധ്യനാമം ചൊല്ലുമ്പോളൊക്കെ ...
തുലാവർഷ പെയ്ത്തിൽ അയാൾക്കൊപ്പം
ഉറങ്ങുമ്പോൾ പോലും ഓർത്തിട്ടുണ്ട്.
പിന്നെ ...
അയാളുടെ കുഞ്ഞുങ്ങളെ
പെറ്റു പോറ്റുന്നത് സ്വപ്നം കാണുമ്പോൾ പോലും.'
അവരുടെ കണ്ണുകൾ തിളക്കമില്ലാതെ
എന്തിനെയോ ഓർത്തെടുക്കുന്നുണ്ടായിരുന്നു.
' ആൾക്ക് എന്തായിരുന്നു ദീനം?'
' ക്യാൻസറായിരുന്നു ,
അത്രയും മാത്രമേ എനിക്കും അറിയൂ.
പക്ഷെ അറിഞ്ഞപ്പോഴേക്കും...'

നീണ്ട നെടുവീർപ്പിനു ശേഷം അവർ ദൂരേക്ക് നോട്ടമെറിഞ്ഞു കൊണ്ട് തുടർന്നു.

' വേദന കൊറേ തിന്നു...

അവസാനമൊക്കെ ഞാനും പ്രാർത്ഥിച്ച് തുടങ്ങിയിരുന്നു ഒന്ന് മരിച്ച് കിട്ടാൻ,

അത്രയ്ക്ക് കണ്ട് നില്കാൻ പറ്റുന്നുണ്ടായിരുന്നില്ല.'

' സ്നേഹമായിരുന്നോ ആൾക്ക് ?'

' അത് എങ്ങനെയാ പറഞ്ഞ് മനസ്സിലാക്കുക.

നേരിട്ട് അധികം മിണ്ടാറ് പോലും ഇല്ല.

തമ്മില് കാണുമ്പോ ഒരു നോട്ടം.

അത്രയേ ഉണ്ടായിരുന്നുള്ളൂ...

എനിക്കും അന്ന് അത്രയേ വേണ്ടിയിരുന്നുള്ളൂ...'

നരച്ച തലമുടിയുടെ ഒരറ്റത്ത് നീണ്ടു കിടന്ന നീളൻ മുടിയെ അവർ ഒതുക്കി വെച്ചു.

' മക്കളില്ലാത്തതില് ദു:ഖമുണ്ടായില്ലേ?'



ആ ചോദ്യം അവരെ ഒന്നുലച്ചെന്ന് തോന്നി.

' മ് ...

ആദ്യമൊക്കെ

,

പിന്നീടത് ഞങ്ങള് പോലും ഓർക്കാതെയായി.

കൊറെ നാട്ടു വൈദ്യം ...

പിന്നെ

അലോപതി...

ഒക്കെ ഒരു സമയം വരെ പിന്നെ മടുത്തു.'

' പ്രതീക്ഷ നശിച്ചുല്ലേ ?'

അവരൊന്ന് മൂളി

'മ്...'

' എന്നെ ജീവിക്കാൻ പ്രേരിപ്പിച്ചിരുന്ന ഏക

ഘടകം ഒരിക്കൽ താനായിരുന്നു ഓർക്കുന്നുണ്ടോ?'

അവർ വെറുതെ അയാളെ ഒന്ന് നോക്കി.

നീണ്ട നാല്പത് വർഷങ്ങൾ...

അയാൾ പിന്നെയും ആ പ്രണയത്തെ ഓർത്തെടുക്കുകയായിരുന്നു.

അത് കണ്ട് നില്കാൻ എന്തൊരു ഭംഗിയെന്ന് അവർക്ക് തോന്നി.

' നീ പോയതില് പിന്നെ ജീവിതത്തിന്റെ വലിയൊരു ഭാഗം ശൂന്യമായിരുന്നു.

അത് ഇപ്പോഴും അങ്ങനെ തന്നെ.

ഉച്ചയൂണ് നേരം ആരും കാണാതെ നീ പകുത്തു തരുന്ന ആ ഒരുപിടി ചമ്മന്തിയുടെ രുചിയില്ലെ?

അത് ഇപ്പോഴും എനിക്ക് വിശ്വസിക്കാൻ കഴിയുന്നില്ല.

അതും കാലം നമുക്ക് വേണ്ടി കരുതി വെച്ചത് ആവും.'

' അപ്പൊ വൈകുന്നേരം ഞാൻ തരുന്ന എന്റെ ആ മധുരമിട്ട ചായയോ?'

ആരെങ്കിലും കേൾക്കുമെന്ന് അയാൾ ആഗ്യം കാട്ടി.

ഉച്ചയ്ക്ക് വിളമ്പുന്ന ചോറിൽ നിന്നും ഒരുപിടി ചമ്മന്തി ആരും കാണാതെ അയാളുടെ പാത്രത്തില് ഒളിപ്പിക്കുമ്പോ,

വൈകുന്നേരം അയാൾക്ക് കിട്ടുന്ന മധുരമില്ലാത്ത ചായയെടുത്ത് പകരം മധുരമിട്ട ചായ നൽകുമ്പോഴൊക്കെ

പരസ്പരം ഉടക്കിയ നോട്ടങ്ങളെ ഓർത്തെടുത്ത് അവർ ഇരുവരും പൊട്ടിച്ചിരിച്ചു.

' ആൾക്ക് വയ്യാതെ കിടക്കുന്ന സമയത്താണ്,

മരിക്കുന്നതിന് ഒരാഴ്ച മുൻപ്.

ഉറക്കത്തിനിടയില് എന്തൊ പുലമ്പിക്കൊണ്ട്

ആള് ഒരുവളുടെ

പേരു നീട്ടി വിളിച്ചു.

നളിനി എന്നല്ല...

സാവിത്രീന്ന്...

അങ്ങനെ ഒരു പേര് അതുവരെ ഞാൻ ആളിൽ നിന്നും കേട്ടിട്ടില്ല.

എന്റെ പേര് പോലും ആള് അങ്ങനെ ഉച്ചത്തില് വിളിച്ചിട്ടില്ല.

അറിയായിരുന്നു ഉള്ളില് സൂക്ഷിച്ച പ്രണയമാവുമെന്ന്.

എന്നിട്ടും അന്ന് ഉറങ്ങി എഴുന്നേറ്റു കഞ്ഞി കുടിക്കുമ്പോൾ ഞാൻ ചോദിച്ചു ആരാ ഈ സാവിത്രീന്ന്...

ആളൊന്നും മിണ്ടിയില്ല.

എന്റെ മുഖത്ത് നോക്കാൻ പോലും

ഭയന്നിരുന്ന പോലെ മുഖം കുനിച്ചിരുന്നു.

അന്നൊരു ദിവസം അയാൾ തന്റെ പഴയ കാമുകിയെ കാണാൻ ഒരുപാട് ആഗ്രഹിച്ചുവെന്ന് തോന്നി എനിക്ക്.

മരിച്ചുപോകും മുൻപ് ഒന്ന് കാണാൻ തോന്നിയതില് തെറ്റ് പറയാനാവില്ല.

അത്രയ്ക്ക് നഷ്ടബോധം തോന്നിയിട്ടുണ്ടാവും എപ്പൊഴെങ്കിലും.

അന്ന് രാത്രി കിടക്കും നേരം

ആള് എന്നോട് ഒരു ചോദ്യം ചോദിക്കയുണ്ടായി.

നീയാരെയും പ്രേമിച്ചിട്ടില്ലേന്ന്.

ഞാൻ മറുപടിയൊന്നും കൊടുത്തില്ല.

ഒന്ന് മൂളുക മാത്രം ചെയ്തു.

കൊല്ലം എത്രയായി കൂടെ...

എന്നിട്ടും ഇപ്പൊ എന്താവോ അങ്ങനെ ചോദിച്ചതെന്ന് ചോദിക്കണമെന്നുണ്ടായിരുന്നു.'

'എന്നിട്ട് എന്തേ ചോദിക്കാഞ്ഞത്?'

' ഈ നളിനിയുടെ കാമുകന്റെ പേര് ചോദിച്ചാൽ എനിക്ക് കാട്ടികൊടുക്കേണ്ടി വരില്ലേ?'

'അതിനെന്താ ?'

' വേണ്ടാന്ന് തോന്നി!

ഇത്രനാളും പറയാഞ്ഞതൊക്കെ അങ്ങനെ തന്നെ ഇരുന്നോട്ടെന്ന് തോന്നി.

മരിച്ച് പോകും മുൻപ് അങ്ങനെ ഒരു നോവ് കൂടി ആൾക്ക് സമ്മാനിക്കണ്ട എന്ന തോന്നല്.'

റേഡിയോയിൽ പ്രണയഗാനങ്ങള് വരുമ്പോ

ആള് ഉമ്മറത്തിരുന്ന് അതിന്റെ ശ്ബദം കൂട്ടി വെയ്ക്കും.

അടുക്കള വട്ടത്തിലിരുന്ന് ഞാൻ ഒപ്പം മൂളും. അപ്പോഴൊക്കെ എനിക്ക് നിങ്ങളെ ഓർമ്മ വരും.

പണ്ട് കത്തില് എഴുതി തന്ന വരികൾ വരുമ്പോ വേദന മറച്ച് വെച്ച് ഞാൻ നിങ്ങളെ ഓർക്കും...'

അയാൾ ചിരിച്ചു.

'മറന്നിട്ടില്ല ഒന്നും അല്ലേ...

അതിരിക്കട്ടെ ഇവിടെ ആരാ കൊണ്ടാക്കിയെ?'

' തനിയെ വന്നതാ.

ഒരുപാട് നാള് മുൻപേ എടുത്ത തീരുമാനം.

ഒറ്റയ്ക്കാ വീട്ടിൽ പിന്നെ കഴിയണ്ടാന്ന് ഉറപ്പിച്ചിരുന്നു.

ആ വീട്ടില് നിറയെ അയാളുടെ ഓർമ്മകളുണ്ട്.'

' ഓർമ്മകൾ നല്ലതല്ലേ ?'

' എപ്പോഴും അല്ല.

ചില ഓർമ്മകളൊക്കെ നോവ് മാത്രം സമ്മാനിച്ച് കൂടെ കൂടും. അപ്പൊ നമ്മളാ ഓർമ്മകളെ മായിക്കാൻ ശ്രമിക്കും ഓർക്കാതിരിക്കാൻ നോക്കും.

ഇവിടെ ആവുമ്പോ ഇടയ്ക്ക് ഇടയ്ക്ക് ഓർക്കാം.

അവിടെ ആവുമ്പോ എപ്പോഴും ആ ഓർമ്മകളിൽ കുരുങ്ങി ഇങ്ങനെ...'

അയാൾ ചിരിച്ചു.

'ഓർക്കാൻ മാത്രം ഒന്നുമില്ലാത്തവനോട് ഓർമ്മകളുടെ കഥ പറയരുത്.

വീണമോള് ചോദിച്ചിരുന്നു നമ്മൾ മുൻപേ പരിചയമുണ്ടൊ എന്ന്.'

'എന്നിട്ട് എന്ത് പറഞ്ഞു ?'

'ഓർമ്മ വെച്ചകാലം മുതല് കൂടെ കൂടിയ പ്രണയമാണെന്ന്!'

ഇരുവരും പരസ്പരം നോക്കി പൊട്ടിച്ചിരിച്ചു.

അനാഥമന്ദിരത്തിന്റെ അകത്തളങ്ങളിൽ

ഒരു പ്രണയം വീണ്ടും ഓർമ്മ പുതുക്കുന്നുണ്ടായിരുന്നു.

കഥ

# വനഗർഭമുണർന്നപ്പോൾ



അജിത രാജൻ



'മോളേ, പറേണതൊന്ന് കേൾക്ക്

'നിങ്ങളൊക്കെ വല്യേആൾക്കാരാ.. കല്യാണം രജിസ്റ്ററ് ചെയ്തൂന്നച്ചാലും ഇനീം വൈകീട്ടില്യാ. മോള് തിരിച്ച് വീട്ടീപ്പോണം.. ഒക്കെ ഈ പ്രായത്തില് തോന്നണ ഓരോ മോഹങ്ങളാ... ജീവിക്കാൻ തൊടങ്ങുമ്പളാ പ്രയാസങ്ങളറിയാൻ പോണെ.അവന്റെ പഠിപ്പ് കഴിഞ്ഞൂച്ചാലും പണി ഒന്നും ആയീട്ടില്യാന്നറിയാലോ. ഞാൻ കൂലിപ്പണിക്ക് പോയീട്ടാ അവനെ ഇത്രത്തോളം പഠിപ്പിച്ചത്. മാത്രോല്ലാ നിങ്ങള് ഉയർന്ന ജാതിക്കാരും വല്യേകാശ്കാരും!മോൾടെ വീട്ടുകാര് ബഹളത്തിന് വരും നല്ലോണം ആലോയ്ച്ചിട്ട് വേണം ഇവ്ടെ ഒരു ദിവസോങ്കിലും തങ്ങാൻ...'

'നല്ലോണം ആലോചിട്ടാണച്ഛാ..

നാലുവർഷംമുമ്പ് ഒന്നിച്ചു പഠിക്കാൻ തുടങ്ങിയപ്പോഴെ തീരുമാനിച്ചതാണ്.... രമേശന്റെ കൂടെയല്ലാതെ എനിക്കൊരു ജീവിതമില്ല.. ഒന്നിക്കാൻ സാധിച്ചില്ലെങ്കിൽ മരണം മാത്രമെ മുന്നിലുള്ളു'

'ഇനി എനിക്കൊന്നും പറയാനില്യാ...'

രമേശന്റെ അച്ഛൻ വേലായുധൻ പുറത്തേയ്ക്ക് പോയി.

ശ്രീകലക്ക് മാറാൻ കൊടുക്കാൻ നല്ലൊരു നൈറ്റിക്കു വേണ്ടി പരതി നടന്നു രമേശന്റെ അമ്മ. എന്നാലും ഈ പിള്ളേര് ചെയ്തൊരു പണ്യേ... എന്ന ഭാവമാണ് അമ്മയ്ക്ക്.

'അമ്മ വെഷമിക്കണ്ടാ ഞാൻ ഇതു തന്നെ ഇട്ടോളാം... അമ്പലത്തിലേയ്ക്കെന്നു പറഞ്ഞാണ് ഇറങ്ങിയത്. വീട്ടുകാരുടെ കണ്ണുവെട്ടിച്ച് ഒരുക്കിവച്ച ബാഗ് എടുക്കാൻ പറ്റിയില്ല'

ശ്രീകല മുഖമുയർത്താതെ പതിഞ്ഞ ശബ്ദത്തിൽ രമേശന്റെ അമ്മ കേൾക്കാനായി പറഞ്ഞു.

പുതിയതായെത്തിയ പ്രിയതമയ്ക്കുകൂടി വേണ്ടി തന്റെ കൊച്ചുമുറി ഒരുക്കി കൊണ്ടിരിക്കുമ്പോഴും രമേശൻ എല്ലാവരുടേയും സംസാരങ്ങൾ ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

'ശ്രീ.. വെഷമിക്കണ്ട.. നമുക്ക് രണ്ടു ജോഡി ഡ്രസ്സ് എടുക്കാം '

രാവിലെ പത്രമിടാൻ പോകുന്നതിന് കിട്ടുന്ന തുച്ഛമായ വരുമാനം ഇന്നലെ കിട്ടിയത് കൈയ്യിലുള്ള ധൈര്യത്തിലാണ് രമേശൻ അങ്ങനെ പറഞ്ഞത്.

' ശാരദേ.. ഇത് മോൾക്ക് കൊടുക്ക്. ലീലാമ്മേടെ കടേന്ന് മേടിച്ചതാ. ഏതാണ്ടൊരളവ് വച്ച് ലീലാമ്മ എട്ത്ത് തന്നതാ.. ഓരോ ജോഡി എല്ലാ തരോം ണ്ട്.. "

പുറത്ത് പോയി വന്നപ്പോൾ ശ്രീകലയ്ക്കു വേണ്ടി വേലായുധൻ കൊണ്ടുവന്ന ഡ്രസ്സുകളുടെ കവറുമായി ശാരദ അകത്തേയ്ക്കു നടക്കുമ്പോൾ തൽക്കാല പ്രശ്നത്തിന് ഒരു പരിഹാരമായതിന്റെ സന്തോഷം ആ മുഖത്ത് മിന്നിമറയുന്നുണ്ടായിരുന്നു.

എല്ലാവരും ചേർന്ന് തറയിലിരുന്നുള്ള ഇത്തരം ഒരു അത്താഴം ശ്രീകലയ്ക്ക് ആദ്യാനുഭവമായിരുന്നെങ്കിലും അവൾക്ക് ഒട്ടും അതൃപ്തി തോന്നിയില്ല. പ്രിയപ്പെട്ടവനെ സ്വന്തമാക്കാൻ കഴിഞ്ഞതിലുള്ള സന്തോഷം മാത്രം.

മുടിയിൽ മുല്ലപ്പൂവില്ലാതെ കൈയിൽ പാലില്ലാതെ ഒട്ടും ,അലങ്കാരമില്ലാത്ത മണിയറയിലേക്ക് പ്രവേശിക്കുമ്പോൾ, വീട്ടിൽ ചേച്ചിക്കു വേണ്ടി അലങ്കരിച്ചൊരുക്കിയ മണിയറ ഒരു നിമിഷം മനസ്സിലൂടെ മിന്നിമറഞ്ഞു. പക്ഷെ നിരാശ തോന്നിയില്ല ശ്രീകലയ്ക്ക്. പ്രണയിച്ച പുരുഷനെ സ്വന്തമാക്കാൻ കഴിഞ്ഞതിലുള്ള ആത്മനിർവൃതിയുമായി രമേശന്റെ കൊച്ചുമുറിയിലേയ്ക്ക് കടന്നുചെന്നു... സുസ്മേരവദനനായിരിക്കാൻ ശ്രമം നടത്തിക്കൊണ്ടിരിക്കുന്ന രമേശന്റെ മുഖത്തേക്ക് നേക്കാനാവാതെ നാണം അവളെ പൊതിഞ്ഞുനിന്നു...

' രമേശാ...രമേശാ... ഒന്നിങ്ങുവന്നേ..."

പുറത്തുനിന്ന് ആരോ വിളിക്കുന്നതു കേട്ടപ്പോൾ രമേശനും അച്ഛനും അമ്മയും വീടിന്റെ ഉമ്മറത്തേയ്ക്കു വന്നു. തന്റെ സുഹൃത്ത് നവീ നിന്റേയും അവന്റെ കൂടെ പരിചിത മുഖമുള്ള മററൊരാളുടേയും രാത്രിയിലുള്ള വരവ് കണ്ടപ്പോൾ രമേശന് ചെറിയൊരു പരിഭ്രമമുണ്ടായി.

'എന്താ നവീൻ? നിങ്ങളെന്താ ഈ നേരത്ത് ?'

'ഒക്കെ പറയാം ഞാനങ്ങോട്ട് വരാം.. '

വന്നവർ അകത്തേക്ക് കയറി.

'എടാ.. ഇതെന്റെ കൂട്ടുകാരനാണെന്ന് നിനക്കറിയാലോ.. ഇവന്റെ ചേട്ടന് ഗുണ്ടാസംഘവുമായിട്ടുള്ള സഹകരണം നിനക്കറിയുമോന്നറിയില്ലാ...'

'എടാ നീ കാര്യം പറയ് ടെൻഷനടിപ്പിക്കാതെ '

'ഇവനോട് ഇവന്റെ ചേട്ടൻ ചോദിച്ചത്രെ രമേശനെ അറിയോ അവന്റെ വീട് എവിട്യാന്നും മററും.എത്രയും വേഗം കണ്ടെത്താനും... ശ്രീകലയുടെ വീട്ടുകാർക്ക് ജാതി സ്പിരിറ്റ് കൂടുതലാ കാശിന്റെ ഊക്കും. ഞാൻ കൂടതലൊന്നുമ് പറയുന്നില്ല... നിങ്ങളെത്രയും വേഗം സ്ഥലം വിടണം. ബസ്സ്റ്റോപ്പിലും റെയിൽവേ സ്റ്റേഷനിലുമൊക്കെ അവരന്വേഷിക്കുന്നുണ്ടാവും"

രമേശന്റെ അച്ഛൻ തളർന്ന് അടുത്തുണ്ടായിരുന്ന കസാരയിലേക്കിരുന്നു.

അമ്മ കരഞ്ഞുകൊണ്ട് മോനെ കെട്ടിപ്പിടിച്ചു നിന്നു..

'മോനേ... മനുഷ്യന്മാര്ടെടേലയ്ക്ക് പോണേക്കാ നല്ലത് കാട് കേറണതാ കൊറച്ചങ്ങട് ഉള്ളിലേയ്ക്ക്...'

അച്ഛൻ രണ്ടു കൈയ്യും തലയിൽ വച്ച് തകർന്നിരിക്കുന്നതു കണ്ടപ്പോൾ ശ്രീകലയ്ക്ക് സങ്കടം സഹിക്കാതെയായി. എങ്കിലും ജീവിക്കുകയാണെങ്കിലും മരിക്കുകയാണെങ്കിലും ഒന്നിച്ച് എന്ന തീരുമാനത്തിൽ രണ്ടുപേരും ഉറച്ചു നിന്നു..

'അമ്മയും അച്ഛനും കരയാതെ... നമുക്ക് തൽക്കാലം ഇവരെ ഇവിടെ നിന്നും മാറ്റാം. ഇന്ന് രാത്രി എന്റെ വീട്ടിൽ തങ്ങാം നാളെ പുലർച്ചയിൽ കാടുകയറാം'

നവീൻ എല്ലാവർക്കും ധൈര്യം കൊടുക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു.

നവീനിന്റെ നിർദ്ദേശപ്രകാരം രണ്ടു പേരുടേയും ഡ്രസ്സുകൾ ഒരു ബാഗിലാക്കി അവർ ഇറങ്ങാൻ തയ്യാറായി.. ഒരു വെട്ടുകത്തിയും ടോർച്ചും കയിലുണ്ടായിരുന്ന പണവും വേലായുധൻ ആ ബാഗിലേക്ക് വച്ചു.

പൊട്ടിക്കരയുന്ന അമ്മയുടേയും തളർന്നി

രിക്കുന്ന അച്ഛന്റേയും പാദങ്ങളിൽ തൊട്ടു നമസ്ക്കരിച്ച് രമേശൻ പറഞ്ഞു...

' ഞങ്ങൾക്ക് ഏറെ വൈകാതെ തിരിച്ചു വരാനാവും നിങ്ങൾ വിഷമിക്കാതെ... '

അച്ഛനും അമ്മയ്ക്കും കവിളിലോരോ ഉമ്മ കൊടുത്ത് അവർ നവീനിന്റെ കൂടെ പുറത്തേക്കിറങ്ങി.

വീട്ടിൽ നിന്നും അധികം അകലെയല്ലാത്ത നിലമ്പൂർ വനപ്രദേശത്തേയ്ക്ക് പിറ്റേ ദിവസം പുലർച്ചയിൽത്തന്നെ നവീനിന്റെ ഓട്ടോറിക്ഷയിൽ അവരെ കൊണ്ടുവിട്ടു. കൈയിലുണ്ടായിരുന്ന ഏതാനും നോട്ടുകളും രമേശന്റെ പോക്കറ്റിൽ വച്ചു കൊടുത്തു. രമേശൻ കൂട്ടുകാരനെ കെട്ടിപ്പിടിച്ചു. ഒരൊറ്റ അക്ഷരവും മിണ്ടാനാവാതെ ശ്രീകലയുടെ കയ്യും പിടിച്ച് ഉൾവനത്തെ ലക്ഷ്യം വച്ച് നടന്നു...

കുറച്ചു നടന്നു കഴിഞ്ഞപ്പോൾ ശ്രീകല തളർന്നു. വീണു കിടക്കുന്ന ഒരു മരത്തിന്മേൽ രണ്ടു പേരും വിശ്രമിക്കാനിരുന്നു. ഇപ്പോഴാണ് മനസിലാകുന്നത് സത്യമംഗലത്തു നിന്നും നിലമ്പൂരിലേക്കുള്ള ചന്ദനക്കടത്തിന്റെ കാട്ടുവഴിയിലാണ് തങ്ങളെത്തിപ്പെട്ടിരിക്കുന്നതെന്നത്. നാട്ടിൽ നിന്നും എത്തിയിട്ടുള്ള നാല് ആണുങ്ങൾ എന്തോ വെച്ചു കെട്ടിയത് തലയിൽ ചുമന്ന് വരുന്നുണ്ട്.അടുത്തെത്തിയപ്പോഴാണറിഞ്ഞത് അത് ചന്ദനം തന്നെ! അതിലെ രണ്ടു പേർ ശ്രീകലയെ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടായിരുന്നുവെന്ന് തോന്നി...

നവീൻ കൊടുത്തുവിട്ട ബ്രഡും വെള്ളവുമെടുത്ത് കഴിച്ച് ക്ഷീണമകററി...

കാട്ടുപൂക്കളെ തഴുകി വരുന്ന കാറ്റിനെന്തൊരു സുഗന്ധം... പക്ഷെ ഒന്നും മനസ്സു നിറഞ്ഞ് ആസ്വാദിക്കാനാവുന്നില്ല.

'ആരബ്ടെ?'

ഒരു മനുഷ്യ ശബ്ദം കേട്ട് രണ്ടുപേരും തിരിഞ്ഞു നോക്കി.

'ഞങ്ങൾ മലപ്പുറം ജില്ലയിൽ നിന്നും വരുന്ന മലയാളികളാണ്.'

അയാൾ എന്തൊക്കെയോ ചോദിക്കുന്നുണ്ട്. ചോലനായ്ക്കർ വിഭാഗത്തിലുള്ള ഒരു ആദിവാസിയാണെന്ന് മനസ്സിലായി. ?മലയാളവും കന്നഡയും തമിഴും കലർന്ന ഭാഷയാണ് സംസാരിക്കുന്നത്.

നിങ്ങളാരാണ്.. എന്തിനാണിങ്ങോട്ട് വന്നത്? ഇവിടെ വന്യജീവികളുണ്ട് സൂക്ഷിക്കണം. ഞങ്ങളുടെ ഗോത്രത്തിലുള്ളവർ കണ്ടാലും പ്രശ്നമാണെന്നുമൊക്കെയാണ് പറയുന്നതെന്ന് മനസ്സിലായി. ഇയാളിവിടെയുള്ള തോട്ടത്തിലെ വാച്ചു മാനാണെന്നു് . സ്വന്തം വിഭാഗത്തിൽ ഇയാൾക്കു മാത്രമാണത്രെ ഈ ജോലി ലഭിച്ചിട്ടുള്ളത് .നാട്ടിൽ വന്ന് പത്താം ക്ലാസ് വരെ പഠിച്ചയാളാണ് ബാലൻ. വിദ്യ നേടിയതിൻെറ ഗുണം കാട്ടിലുള്ളവരിലെങ്കിലും കാണാനാവുന്നുണ്ട്. രമേശൻ മലയാളത്തിൽ സംസാരിച്ചതുകൊണ്ടാവാം അയാളും കൂടുതൽ മലയാള പദങ്ങൾ ഉപയോഗിക്കുവാൻ ശ്രദ്ധിക്കുന്നുണ്ട്.

ചോലനായ്ക്കരുടെ സാക്ഷരത പതിനാ



റ് ശതമാനത്തോളം ഉയർന്നിട്ടുണ്ടല്ലോ.. അവശ്യം വസ്ത്രങ്ങൾ ധരിക്കാൻ തുടങ്ങിയിരിക്കുന്നു. കാട്ടു വിഭവങ്ങൾ വിൽക്കാൻ നാട്ടിൽ വരികയും അരി, ഗോതമ്പ്, ലഹരി പദാർത്ഥൾ, തുണികൾ, പാത്രങ്ങൾ പോലുള്ള അത്യാവശ്യ സാധനങ്ങൾ വാങ്ങി കൊണ്ടു പോകുകയും ചെയ്യുന്നുണ്ട്. എങ്കിലും കൃഷി ചെയ്യുന്ന രീതി ഇവർക്കിന്നും അറിയില്ലെന്നത് എവിടെയോ വായിച്ചത് രമേശൻ ഓർത്തു. ചിലർ അടുത്തുള്ള കൂപ്പുകളിൽ മരം വെട്ടാൻ പോകുി. നാട്ടിൽ ഇവർക്കായി വീട് നിർമ്മിച്ച് നൽകിയാലും ഗുഹകളിലേയ്ക്ക് തിരിച്ചു പോവുകയാണത്രെ പതിവ്!

'ബാ... നിങ്ങളിങ്ക ബാ..."

ബാലന്റെ പിറകെ നടക്കുമ്പോൾ തങ്ങളിവിടെ എത്തിപ്പെട്ടതിന്റെ കാരണം മലയാളത്തോടൊപ്പം കഴിയുന്നത്ര തമിഴും ചേർത്ത് രമേശ് പറഞ്ഞു കൊടുത്തു. അയാൾക്ക് എല്ലാം മനസ്സിലാകുന്നുണ്ട് എന്നത് ആശ്വാസകരമായി.

'കൊങ്ങാ... ബാ.. '

ഒരു ഗുഹയ്ക്കരിലെത്തിയപ്പോൾ ബാലൻ ആരേയോ ഉറക്കെ വിളിച്ചു.

പൊക്കം കുറഞ്ഞ ദൃഢഗാത്രനായ ഇരുണ്ട നിറമുള്ളൊരാൾ ഗുഹയിൽ നിന്നും ഇറങ്ങി വന്നു.. അല്പവസ്ത്രധാരിയായ ഒരു വൃദ്ധ അവിടെ ഇരിക്കുന്നുണ്ട്. നൈറ്റിയിട്ട ഒരു സ്ത്രീ പരിഷ്കൃത മനുഷ്യരെ കണ്ടയുടനെ മറവിലേയ്ക്കു നീങ്ങി നിന്നു. മുകളിൽ നിന്ന് പാറയ്ക്കരികിലൂടെ ഒഴുകിവരുന്ന വെള്ളം ഒരു കൊച്ചു തടാകത്തിൽ കെട്ടി നിറുത്തിയിട്ടുണ്ട്.

സ്വന്തം വർഗ്ഗക്കാരനും ഗാർഡുമായ ബാലനോടൊത്ത് വന്നവരായതുകൊണ്ടാകാം ഗുഹക്കകത്തേക്ക് ക്ഷണം കിട്ടിയത്. അവിടെ മുള കൊണ്ടുണ്ടാക്കിയ ഇരിപ്പിടങ്ങളും കട്ടിലും മറ്റുമുണ്ട്. തേൻ നിറയ്ക്കാനുള്ള ധാരാളം മുളം കുററികൾ, പണി തീർന്നതും അല്ലാത്തതുമായ, മുള ഉപയോഗിച്ചു നെയ്തെടുക്കുന്ന കുട്ടകൾ ഇവയെല്ലാം ഇരിപ്പുണ്ട്. ഗുഹയ്ക്കകം താഴെ പൂഴിമണ്ണ് വിരിച്ചിരിക്കുന്നു. വന്നവർക്കു കഴിക്കാനായി വണ്ണം കുറഞ്ഞ മുളംകുറ്റിയിൽ തേനും മുളംപാത്തിയിൽ ചുട്ടെടുത്തകിഴങ്ങും മറ്റൊരു മുളംകുറ്റിയിൽ കുടിക്കാനുള്ള വെള്ളവും കൊണ്ടുവന്നുവച്ചു.

ഇവർ മറ്റുള്ളവരുമായി സഹവാസത്തിന് ഒരിക്കലും തയ്യാറാവില്ല. കർശനമായ ഗോത്ര നിയമങ്ങൾ അനുസരിച്ചാണ് ഇവരുടെ ജീവിതം. ഗോത്ര നിയമം തെറ്റിച്ചാൽ മരണമാണത്രെ ശിക്ഷ.

ഗുഹയിൽ നിന്നും തിരിച്ചുപോരുമ്പോൾ കൂടെവന്ന ചെറുപ്പക്കാരനോട് ഒഴിഞ്ഞുകിടക്കുന്ന ഏറുമാടത്തിലെ കയറെല്ലാം മുറുക്കി ഒരുക്കി കൊടുക്കുവാൻ ബാലൻ ആവശ്യപ്പെട്ടു.

സമയം സായംസന്ധ്യയാകുന്നു. ചെമ്പട്ടു വിരിച്ച് പടിഞ്ഞാറെ ചക്രവാളം സൂര്യദേവന് പാതയൊരുക്കി. പക്ഷികൾ ചേക്കേറാനുള്ള തയ്യാറെടുപ്പിലാണ്. പടർന്നു പന്തലിച്ചു നിൽക്കുന്ന കാട്ടാലിന്റെ കൊമ്പുകളിൽ അവ അങ്ങോട്ടുമിങ്ങോട്ടും പറന്നു കളിക്കുന്നു. അമ്മക്കിളികൾ കൊണ്ടുവന്ന കാട്ടുപഴങ്ങൾ കിളിക്കുഞ്ഞുങ്ങളുടെ വായ്ക്കകത്തേയ്ക്ക് പകർന്നു നൽകുന്നു... നിരീക്ഷിച്ചാൽ ആയിരക്കണക്കിന് ജീവിതങ്ങൾ കാണാമിവിടെ..

ബാലൻ പെട്ടെന്നു നിന്നു... അനങ്ങരുതെന്ന് ആഗ്യം കാട്ടിക്കൊണ്ട് ഒരു മരത്തിന്റെ ചുവട്ടിലേക്ക് ചൂണ്ടിക്കാട്ടി. അതാ.. അവിടെയൊരു പുലി നീണ്ടുനിവർന്നു കിടക്കുന്നു. ശ്രീകല രമേശന്റെ അരയിൽ വട്ടം കെട്ടിപ്പിടിച്ചു. പുലി തല ഉയർത്തി സൂക്ഷിച്ചൊന്നു നോക്കി പിന്നീട് തല താഴ്ത്തി വീണ്ടും കിടന്നു!

'അവനിപ്പോൾ വിശപ്പില്ലായിരിക്കും'

രമേശൻ ശബ്ദം താഴ്ത്തി പറഞ്ഞു

രാത്രിയിൽ രണ്ടു പേരും ഏറുമാടത്തിൽ കയറി പറ്റി. കൈയിലുള്ള ടോർച്ചും വെട്ടുകത്തിയും മാത്രമാണൊരാശ്രയമുള്ളത്. ഏറുമാടത്തിനു കീഴെ ഉണങ്ങിയ കമ്പുകൾ ചേർത്തിട്ട് തീ കൂട്ടിയിട്ടുണ്ട് ബാലൻ. തണുപ്പു മാറ്റാനും വന്യമൃഗങ്ങൾ അടുക്കാതിരിക്കാനും വേണ്ടിയാണിത്. താഴേക്ക് ഒരു കാരണവശാലും രാത്രിയിൽ ഇറങ്ങരുതെന്ന് പ്രത്യേകം ഓർമ്മിപ്പിച്ചിട്ടാണ് ബാലൻ തന്റെ ജോലിക്കു പോയത്. നാട്ടിൽ വന്ന് പഠിച്ചു പോന്നതിന്റെ പരിചയവും നന്ദിയുമായിരിക്കണം ഈ കാണിക്കുന്ന സഹകരണത്തിനു കാരണം.

പക്ഷികൾ പൂർണ്ണമായും ചേക്കേറി കഴിഞ്ഞിട്ടില്ല. രാത്രിയിൽ ചില പക്ഷികൾ അവയുടെ ഇണകളെ കൂട്ടു വിളിക്കുന്ന പ്രത്യേകതരം ശബ്ദം... കാടിന്റെ വന്യമായ നിശ്ശബ്ദതയെ ഭേദിക്കുന്നുണ്ട്.മല മുഴക്കിപക്ഷിയുടെ കരച്ചിൽ . കിളികളും ചില വണ്ടുകളും അവയുടെ ഇണയെ ആകർഷിക്കുന്നതിനായി പലവിധമുള്ള ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നു. എവിടെ നിന്നോ മൃഗങ്ങളുടെ

മുരൾച്ചയും അലറലും കേൾക്കുന്നുണ്ട്.

‘ ഒന്നും വേണ്ടായിരുന്നൂന്ന് ഇപ്പൊ തോന്നുന്നുണ്ടോ ശ്രീ..‘

നെറ്റിയിൽ മെല്ലെ തലോടിക്കൊണ്ട് തന്റെ നെഞ്ചിലേയ്ക്ക് തല ചായ്ച്ചിരിക്കുന്ന ശ്രീ കലയോട് രമേശൻ ചോദിച്ചു.

‘ ഇല്ല രമേശ്. നാട്ടിലായാലും കാട്ടിലായാലും നമ്മൾ ഒരുമിച്ചു ജീവിക്കും മരിക്കുകയാണെങ്കിലും അങ്ങനെതന്നെ ‘

ഭയമുണ്ടെങ്കിലും ആത്മവിശ്വാസം കൈവിടാത്ത ശ്രീകലയുടെ ഉറച്ച തീരുമാനം.

‘മനോഹരമായ ഈ ഉൾക്കാടുകൾ സ്വാർത്ഥരായ മനുഷ്യരുടെ ആർത്തി മൂത്ത കരങ്ങളാൽ ഇനിയും നശിപ്പിക്കപ്പെടുന്നതിനു മുൻപ് അധികാരമുള്ളൊരു ജോലിയിൽ കയറിയിട്ടു വേണം വല്ലാതെ മോഹിപ്പിക്കുന്ന ഈ കാടിൻെറ സംരക്ഷണം നമുക്കേറ്റെടുക്കാൻ ‘

നമ്മുടെ ആദ്യ രാത്രിയിലെ ആദ്യ സ്വപ്നം എന്നു പറഞ്ഞുകൊണ്ട് രണ്ടുപേരും ശബ്ദം താഴ്ത്തിചിരിച്ചു. കയ്യിലുണ്ടായിരുന്ന ബ്രഡും വെള്ളവും കഴിച്ച് അവർ കിടന്നു.

കൊടും കാട്ടിലെ ഒരു ജീവിയും തങ്ങളെ ഉപദ്രവിച്ചില്ലെന്ന സത്യമാണ് അവരെ തൊട്ടുണർത്തിയത്.

പറവകളുടെ ആനന്ദാരവത്തിന്റെ പശ്ചാത്തലത്തിൽ ആകാശ മണിവാതിൽ തുറന്ന് കുങ്കുമമേഘങ്ങൾക്കിടയിലൂടെ ബാലസൂര്യനെത്തി നോക്കുന്ന കാഴ്ച ഏറുമാടത്തിലിരുന്ന് രണ്ടുപേരും ആസ്വാദിച്ചു.

കുറെകൂടി സമയം കഴിഞ്ഞാണവർ പ്രഭാതകൃത്യങ്ങൾക്കായി ഒരു കാട്ടരുവി തേടി നടക്കാൻ തുടങ്ങിയത്.

കുറച്ചു ദൂരം പിന്നിട്ടപ്പോൾ ആരോ പിൻതുടരുന്നതായി അവർക്കു തോന്നി തിരിഞ്ഞു നോക്കി... എവിടെയോ കണ്ട മുഖം.. അതെ.. ചന്ദനമുട്ടികൾ തലയിലേറ്റി പോയവരിൽ ഒരാളുണ്ടിതിൽ. വേറേയും മൂന്നു പേരുണ്ട് നാട്ടിൽ നിന്നുള്ളവരാണ്! അവർ പിന്നിൽ എന്തോ ഒളിപ്പിച്ചു പിടിച്ചിട്ടുണ്ട്! ആയുധങ്ങളാണോ?

ഈശ്വരാ!

രമേശ് ശ്രീകലയെ പുറകിലേക്കാക്കി തിരിഞ്ഞു നിന്നു... അവർ ഓടി അടുക്കകയാണ്.ശ്രീകലയും രമേശനും കൈകൾ കൂപ്പി നിന്നു. ശ്രീകല മുട്ടുകുത്തി നിന്നുകൊണ്ട് അപേക്ഷിച്ചു.

‘ ഉപദ്രവിക്കരുത് ഞങ്ങളീ കാട്ടിൽ ജീവിച്ചു കൊള്ളാം. നാട്ടിലേക്ക് വരികയേയില്ല.. ദയവു ചെയ്ത് കൊല്ലരുത്. അത്രമേൽ ഞങ്ങൾ സ്നേഹിച്ചുപോയി... ജീവിക്കാനനുവദിക്കണം”

നിന്റെ അച്ഛനും ഏട്ടനുമാണ് കൊട്ടേഷൻ തന്നത്. നിനക്ക് ഈ കീഴ്ജാതിക്കാരനായ ദരിദ്രവാസിയെ മാത്രേ കിട്ടിയൊള്ളൊ സ്നേഹിക്കാൻ ‘

അവർക്കു നേരെ കൊടുവാളുകൾ ചീറി ഉയരുന്നു...

രണ്ടുപേരും കണ്ണുകളടച്ച് മുഖം പൊത്തി നിന്നു. അപ്പോഴാണ് ഒരു

പുലിയുടെ മുരൾച്ച കേട്ടത്. എന്തായാലും മരണം ഉറപ്പായി ഒന്നുകിൽ കാട്ടിലെ പുലി അല്ലെങ്കിൽ നാട്ടിലെ മനുഷ്യർ എന്നു തീരുമാനമായ നിമിഷങ്ങൾ...

കാട്ടരുവിയിലെ വെള്ളം കുടിക്കാനായിരിക്കണം അവിടെ എത്തിയ പുലി ഇവരെ കാണുന്നത്! പുലി ഒരുനിമിഷം രണ്ടു കൂട്ടരേയും നോക്കി... പെട്ടെന്നായിരുന്നു രമേശനേയും ശ്രീ കലയേയും മറികടന്നു കൊണ്ട് ഗുണ്ടാസംഘത്തിനു, മേൽ ചാടി വീണത്.

‘അയ്യോ... പുലി..! ഓടിക്കോ.... അവരുടെ മുന്നിൽ നിന്നുകൊണ്ട് അലറിയുള്ള കരച്ചിൽകേട്ട് രമേശനും ശ്രീകലയും കണ്ണുകൾ തുറന്നു. വിശ്വാസിക്കാനാവാതെ അവർ തരിച്ചുനിന്നു. അതെ.. ആ പുലി തന്നെ.. ഗുണ്ടാസംഘത്തിന്റെമേൽ ചാടിവീണ് അവരെ ആക്രമിക്കുന്നു...

രണ്ടുപേർ കടിച്ചുകീറപ്പെട്ട് ഏതാണ്ട് നിശ്ചല രായിട്ടുണ്ട്. മറ്റു രണ്ടുപേർ മുറിവുകളോടെ ജീവനും കൊണ്ടോടുന്നു...

അവരുടെ പിന്നാലെ പുലി പായുന്നുണ്ട്...

ഏതാനും നിമിഷങ്ങൾക്കു ശേഷമാണ് സ്ഥലകാലബോധം തിരിച്ചു കിട്ടിയത്.

ഇവരെ അന്വേഷിച്ചെത്തിയ വാച്ച്മാൻ പുലിയുടെ ആക്രമണം കണ്ട് നിസ്സഹായനായി അല്പം മറഞ്ഞു നിൽക്കുകയായിരുന്നു. തങ്ങൾക്കുനേരെ നടന്നടുക്കുന്ന അദ്ദേഹത്തെ കണ്ടപ്പോൾ രമേശനും ശ്രീകലയും ഓടി അരിലേക്ക് ചെന്നു.

‘ നിങ്ങൾ ഇനീം ബേടിക്കണ്ട... മൃഗ ശെഭാവള്ള മന്ശ്യരെ കണ്ടാ മൃഗങ്ങക്കും അറിയാമ്പറ്റും. കൂപ്പിലൊരു പണീം ന്റെ ചെമ്മത്തില് താമസോം തരാം. നിങ്ങ വരിൻ...‘

ബാലൻ രമേശന്റെ തോളിൽ കൈവെച്ച് മുന്നോട്ടു നയിച്ചു.. രമേശൻ ശ്രീകലയുടെ കൈവിരലുകൾ തന്റെ വിരലുകളാൽ കോർത്ത് പിടിച്ചിരുന്നു...

●





ഗ്രീഷ്മ അമൽ

# സഖാവിന്റെ സഖി....

വാകകൾ പൂക്കുന്ന വഴിവീഥിയിൽ
ചെങ്കൊടി കയ്യിലേന്തി..
സഖാവിനെ കണ്ടന്ന് ഞാൻ
എൻ സഖാവിനെ കണ്ടന്നുഞാൻ..
ഒരു മാത്ര കണ്ടപ്പോൾ എന്നിടനെഞ്ചിലായി..
ഒരു വാക പൂമരം പൂത്തപോലെ
വീണ്ടുമൊരു നോക്കതു
കാണുവാനായി ഞാൻ..
ആ മരച്ചോട്ടിലായ് കാത്തിരുന്നു..
മനസിലെ മോഹങ്ങൾ അറിയാതെപോയ
സഖാവിനെ ഒരു നോക്കു കണ്ടീടുവാൻ
ഒരു നാളിൽ ആ വഴിവീഥിയിൽ വെച്ചു ഞാൻ
അറിയാതെപോയി പറഞ്ഞെന്‍ൻ പ്രണയം...
സഖാവിന്റെ സഖിയാവണം....
എനിക്കി സഖാവിന്റെ സഖിയാവണം...

ഫോണിൽ നിന്നും ഉയരുന്ന പാട്ടുകേട്ട് സഹ്യ ബാലൽക്കണിയിലേക്കു ചെന്നു. കാലം തെറ്റി പെയ്യുന്ന ചാറ്റൽ മഴയുടെ കുളിരിൽ പാട്ടും കേട്ട് ആവി പറക്കുന്ന കട്ടൻ ചായയുമായി ഇരിക്കുന്ന ജാനകിയെ നോക്കി ഒരു നിമിഷം നിന്നുപോയി.

'ഡി... സഖി.. എന്താ നിന്റെ പ്ലാൻ...?? എന്നെ കൊലയ്ക്കു കൊടുത്ത് മതിയായില്ലേ നിനക്ക്..? ' കട്ടകലിപ്പിൽ സഹ്യ ചോദിച്ചു.

താൻ ഇത്ര ഉറക്കെ അലറിട്ടും ജാനിയു

ടെ ഇരുപ്പു കണ്ട സഹ്യക്കു നന്നായി ദേഷ്യം വന്നു.

'ഡി .. കോപ്പേ.. നിന്നോടാ ഞാൻ ഈ ചോദിക്കണേ... ' പാട്ട് ഓഫ് ചെയ്തവൾ ജാനിയെ നോക്കി.

'മാഡം.. കാലത്തു തന്നെ കലിപ്പ് മോഡ് ഓണാക്കി ഇറങ്ങിയേക്കുവാണല്ലോ...? എന്റെ വീട്ടിൽ ആരാണാവോ വിളിച്ചു എന്റെ കൊച്ചിന്റെ മൂഡ് കളഞ്ഞേ..? ' ഒരു ചിരിയോടെ ചായകപ്പ് മേശയിൽ വെച്ചുകൊണ്ട് ജാനകി ചോദിച്ചു.

'ദേ .. ജാനി.. എനിക്കിനി വയ്യാട്ടോ ഇങ്ങനെ ചീത്ത കേൾക്കാൻ.. രണ്ടു ദിവസമായി ആന്റി വിളി തുടങ്ങിട്ട്.. നിന്റെ നമ്പർ കൊടുക്കാൻ പറഞ്ഞു.. ' സഹ്യ അസ്വസ്ഥതയോടെ പറഞ്ഞു.

'ഞാൻ ഇപ്പോൾ ഫോൺ ഉപയോഗിക്കുന്നില്ലെന്നു പറഞ്ഞൂടെ നിനക്ക്... ' നിസാരമായി അവൾ പറഞ്ഞു.

'ഞാൻ അതൊക്കെ പറഞ്ഞു.. ആര് കേൾക്കാൻ.. നിന്റെ അല്ലെ മമ്മ.. ' ഭിത്തിയിലേക്ക് ചാരികൊണ്ട് സഹ്യ പറഞ്ഞു.

'വേണ്ട.. മോളെ.. എന്റെ മമ്മയെ തൊട്ടുള്ള കളി വേണ്ടാട്ടോ.. ' ജാനി കളിയായി അവളുടെ തോളിൽ അടിച്ചുകൊണ്ട് പറഞ്ഞു.

'ഞാനില്ലേ ഇനി ഒന്നിനും.. എനിക്ക് മടുത്തു.. ' ജാനിയെ നോക്കി തൊഴുതുകൊണ്ടവൾ പറഞ്ഞു.

' ഹാ.. പിണങ്ങല്ലേ പെണ്ണേ... മമ്മയോട് ഞാൻ സംസാരിക്കാം.. അതു പോരെ.. ' ജാനി തെല്ലൊരു ആലോചനയോടെ പറഞ്ഞു

. 'മ്മ് ... നീയൊന്ന് വിളിക്ക് വീട്ടിലേക്ക്.. ബാഗും തൂക്കി ഇറങ്ങിട്ടു മാസം 3, 4 ആയില്ലേ..? അവർക്കും സങ്കടം കാണില്ലേ ' അവളെ ചേർത്തുപിടിച്ചു സഹ്യ.

'മ്മ് ... ' അത്ര ബലമില്ലാതെ ജാനി മൂളി.

ഏതാനം നിമിഷത്തെ നിശബ്ദതക്കു ശേഷം ജാനി പറഞ്ഞു.

'എനിക്കു കുറച്ചൂടെ ടൈം വേണം ഡാ.... പഴയ ജാനിയാവാൻ.. '

'ജാനി.. ഡാ.. എല്ലാം എനിക്കറിയാം... പക്ഷേ നീ എന്തിനാ പെണ്ണേ ഇങ്ങനെ സ്വയം ഇങ്ങനെ ഉരുകി തീരുന്നേ.. നീ എന്ത് തെറ്റാ ചെയ്തത്...? ' സഹ്യക്ക് സങ്കടം തോന്നി.

'ഒരുപാട് ആഗ്രഹിച്ചു പോയി ഞാൻ... അനുവാദം ചോദിക്കാതെ...

ഇനിയും തിരിച്ചു കിട്ടില്ലെന്ന് അംഗീകരിക്കാൻ മനസ് തയ്യാറാവുന്നില്ല.. '

ജാനിയുടെ മിഴികൾ നിറയുന്നത് കണ്ട സഹ്യക്കു ഒന്നും പറയേണ്ടിരുന്നില്ലെന്ന് തോന്നി. പെട്ടെന്നു സഹ്യയുടെ ഫോൺ റിംഗ് ചെയിതു.

'ഡാ .. ഓഫീസിൽ നിന്നാ.. ഞാൻ ഇറങ്ങുവാ... ഇടക്ക് വരാം.. നീ വേഗമൊന്നു റെഡിയാക് എന്നിട്ട് വേണം നമുക്കൊന്നു കറങ്ങാൻ ' അവളെ കെട്ടിപിടിച്ചുകൊണ്ട് അവൾ യാത്ര പറഞ്ഞു.

'മ്മ്... ഒക്കെ നടക്കൂടോ ' കൈവീശിയവളെ യാത്രയാക്കികൊണ്ട് ജാനി പറഞ്ഞു.

സഹ്യ പോയി കഴിഞ്ഞ് ജാനി പാട്ടു വെച്ചു വീണ്ടും കസേരയിൽ ഇരുന്നു.

സഖാവിന്റെ സഖിയാവണം...
എനിക്കി സഖാവിന്റെ സഖിയാവണം..
വാകകൾ പൂക്കുന്ന വഴിവീഥിയിൽ..
ചെങ്കൊടി കയ്യിലേന്തി..
സഖാവിനെ കണ്ടന്നു ഞാൻ..
എൻ സഖാവിനെ കണ്ടന്നു ഞാൻ....

'എന്റെ സഖാവേ... തന്നെ മറക്കാൻ ശ്രമിക്കുംതോറും ഈ മുറിപ്പാട് കൂടുതൽ തെളിഞ്ഞു വരുവാണല്ലോടോ ' തന്റെ നെറ്റിയിലെ മുറിപ്പാടിൽ വിരലോടിച്ചു ജാനകി മെല്ലെ പറഞ്ഞു.

ജാൻ....

കേൾക്കാൻ ഏറെ കൊതിക്കുന്ന ആ വിളിയിലേക്കും മറക്കാൻ ശ്രമിച്ചു പരാജയപ്പെടുന്ന ആ ഓർമകളിലേക്കും അവൾ ഒഴുകി നീങ്ങി.

ഒരു വെക്കേഷന് ഹോസ്റ്റലിൽ നിന്നും വന്നൊരു വൈകുന്നേരം. ഫ്രണ്ട്സുമായി ഉള്ള കറക്കമൊക്കെ കഴിഞ്ഞു വരുന്ന വഴിക്കാണെന്തോ പാർട്ടി സമ്മേളനം നടക്കുന്നത് കണ്ടത്. നമ്മുക്ക് തീരെ താല്പര്യമില്ലാത്ത മേഖലയായത് കൊണ്ടു മുന്നോട്ടു നടന്നു. അപ്പോഴാണ് ഒരു തീപ്പൊരി പ്രസംഗം കേട്ടത്. തിരിഞ്ഞു നോക്കിയപ്പോൾ ഒരു ചുള്ളൻ ചെക്കൻ. എങ്കിലിനി അല്പം രാഷ്ട്രീയമൊക്കെയാവാം എന്നോർത്ത് അവിടെ നിന്നു.

എവിടുന്നോ എന്തോ എന്റെ അടുത്തേക്ക് പറഞ്ഞുവന്നത് ഓർമയുണ്ട്. പിന്നെ കണ്ടത് ചുവപ്പാണ് തന്റെ ചോരയാണ് അതെന്ന് മനസ്സിലാക്കാൻ കുറച്ച് സമയം എടു

ത്തു, ബോധം മറയും മുൻപേ രണ്ടു കൈകൾ എന്നെ നെഞ്ചോട് ചേർക്കുന്നത് അറിഞ്ഞു.

കണ്ണ് തുറക്കുമ്പോൾ ഹോസ്പിറ്റലിലാണ്. മമ്മയും അപ്പയുമുണ്ടടുത്ത്. കണ്ണും മിഴിച്ചിരിക്കുന്നയെന്നെ കണ്ട് അപ്പ കളിയാക്കി.

'ദേണ്ടേടി... പാർട്ടിടെ പുതിയ രക്തസാക്ഷി കണ്ണു തുറന്നു... ' അപ്പ മമ്മയോട് പറഞ്ഞു.

'സഖാവേ... ഒരു കട്ടൻചായ എടുക്കട്ടേ..? ' മമ്മയാണ്.

'അല്ല അമ്മേ.. ഏറു കൊണ്ടത് എന്റെ തലക്കല്ലേ പക്ഷേ കിളി പോയത് നിങ്ങളുടേം... കൊള്ളാല്ലോ... ' അവരുടെ അതെ ട്യൂണിൽ അവളും തിരിച്ചുപറഞ്ഞു.

'പെണ്ണേ.. നീ എന്തിനാടി ആ കല്ലേറിന്റെ ഇടക്കൊക്കെ പോയി കേറിയേ ' അവളുടെ നെറ്റിയിൽ തലോടി കൊണ്ട് പപ്പ ചോദിച്ചു.

'എന്റെ.. പപ്പേ ഞാൻ അതിലെ മര്യാദക്ക് നടന്നു വന്നതാ അപ്പോഴാ എന്തോയെതിലെയോ വന്നെന്റെ തലയിൽ വീണേ... പിന്നൊന്നും എനിക്കോർമ്മയില്ല.. ' കുറച്ചു നിഷ്കുഭാവം വാരി വിതറി ഞാൻ പറഞ്ഞു.

'ഹ്മ്മ്.. ഇന്നെന്തായാലും അമ്മേം മോളും ഇവിടെ കിടക്കെ.. ഞാൻ രാവിലെ വരാം ' പപ്പ പതിയെ എഴുന്നേറ്റു.



'അയ്യോ.. എന്തിനാ ഇതൊരു ചെറിയ മുറിവല്ലേ നമ്മുക്ക് വീട്ടിൽ പോവാം മമ്മ .. ' മമ്മയുടെ കയ്യിൽ പിടിച്ചവൾ ചിണുങ്ങി.

'ആ പിള്ളേർ വരട്ടെ.. ഡോക്ടറോട് സംസാരിക്കാൻ പറയാം... ' എന്റെ മുഖത്തെ ദയനീയത കണ്ടു അപ്പ പറഞ്ഞു.

ഒരുവിധം ഡോക്ടറിന്റെ കാലുപിടിച്ചു ഡിസ്ചാർജ് വാങ്ങി വീട്ടിലെത്തി. മമ്മയാണ് കാലത്ത് പത്രം കാട്ടി തന്നത്. എന്നെയും ചേർത്ത് പിടിച്ചു നിൽക്കുന്ന ആ ചുള്ളൻ ചെക്കൻ 'സഖാവ് ശ്രീറാം'.

'ശ്രീറാമും ജാനകിയും .. നല്ല ചേർച്ചയല്ലേ മമ്മ' മുഖത്ത് കുറച്ച് ശൃംഗാരഭാവമൊക്കെയിട്ട് അവൾ പറഞ്ഞു.

മമ്മയുടെ നോട്ടമത്ര പന്തിയല്ലാത്തോണ്ട് അവൾ നൈസായി സ്കൂട്ടായി.

പിന്നെ അങ്ങോട്ട് തിരക്കു പിടിച്ച ദിവസങ്ങളായിരുന്നു. സഖാവിന്റെ വിവരങ്ങൾ തപ്പി നടപ്പ് തന്നെ...!പക്ഷേ കാര്യമായിട്ടൊന്നും കിട്ടിയില്ല. പുള്ളി ഈ നാട്ടിൽ വന്നിട്ട് കുറച്ചു നാളെയായിട്ടുള്ളു, അമ്മ മാത്രമേയുള്ളു ആകെ കിട്ടിയ വിവരം ഇതാണ്.

പക്ഷെ വിധി എന്നെ വീണ്ടും എന്റെ സഖാവിന്റെ അടുത്തെത്തിച്ചു. ഒരു ദിവസം ഷോപ്പിംഗ് എന്നും പറഞ്ഞു സഹ്യയേം കൂട്ടി നടക്കുമ്പോഴാണ് പുള്ളിക്കാരൻ മുന്നിൽ വന്നു ചാടിയത്.

ഹോ.. ബ്ലാക്ക് ഷർട്ടും ബ്ലാക് കരയുള്ള മുണ്ടൊക്കെ ഉടുത്തു നല്ല ചുന്ദരൻ ആയി.

'ഹേയ് ജാൻ.. മുറിവൊക്കെ കരിഞ്ഞോ..? പിന്നെ കാണാൻ പറ്റിയില്ല. ' ഒരു ചിരിയോടെ സഖാവ് പറഞ്ഞു

ജാൻ എന്ന ആ വിളിയിൽ തന്നെ എന്റെ കിളികൾ എല്ലാം എങ്ങോട്ടോ പോയി. സഹ്യ തട്ടി വിളിച്ചപ്പോഴാണ് ഞാനിത്ര നേരം പുള്ളിയെ നോക്കി നില്കുകയാണെന്ന

ബോധം വന്നത്.

'അതൊക്ക മാറി... അല്ല സഖാവ് എവിടെക്കാ ' ഞാൻ ചോദിച്ചു.

ആ മുഖത്തൊരു പുഞ്ചിരി വന്നില്ലേ..? അതോ എനിക്ക് തോന്നിയതാണോ..?

'ഒരു മീറ്റിംഗ് ഉണ്ടേടോ... താൻ പോരുന്നോ..? '

എന്റെ മനസ്സിൽ ആയിരം ലഡ്ഡുകൾ ഒന്നിച്ചു പൊട്ടി.

'അല്ല. ഏറുകൊള്ളാൻ ആളാകുമല്ലോ എന്നോർത്തു ചോദിച്ചതാ... ' നല്ല വൃത്തിയായി ഇളിച്ചുകൊണ്ട് അങ്ങേര് പറഞ്ഞു.

നോക്കുമ്പോൾ സഹ്യ ചിരിച്ചു മറിയുന്നു. നന്നായിയൊന്ന് ചമ്മിയെങ്കിലും അങ്ങേരുടെ മുഖത്തു നോക്കി ഞാൻ പറഞ്ഞു.

'അങ്ങനെ കണ്ടവരുടെ ഏറു കൊള്ളാൻ ഞാനില്ല.. പിന്നെ ഇയാളുടെ ഏറു കൊള്ളാനാണേൽ ഞാൻ റെഡി..' സഖാവിന്റെ മുഖത്തുനോക്കിയത് പറയുമ്പോൾ വല്ലാത്ത ഒരു ഉറപ്പുണ്ടായിരുന്നു അവളുടെ ശബ്ദത്തിൽ.

'എന്താ...? ' ചെറിയൊരു ഞെട്ടലോടെയാണ് പുള്ളിയത് ചോദിച്ചത്.

'അതു തന്നെ സഖാവേ.. ഞാൻ റെഡി. ' തറയിൽ ഒരു കളമൊക്കെ ഞാനങ്ങു വരച്ചു.

'ഒരു ഏറു കൊണ്ടപ്പോളേ തന്റെ കിളി ഒക്കെ പോയ ലക്ഷണം ഉണ്ടല്ലോ..? ഏതായാലും ഇയാള് ചെല്ല്. '

ഒരു കള്ളച്ചിരി ചിരിച്ചോണ്ട് എന്റെ സഖാവ് നടന്നു. ഞാനും. ഒന്നും മനസിലാവാതെ സഹ്യയും.

പിന്നീട് പലപ്പോഴും തമ്മിൽ കണ്ടു ഒരു പുഞ്ചിരിയിൽ അല്ലെങ്കിൽ ഒന്നോ രണ്ടോ വാക്കിൽ സംസാരം... പക്ഷേ എന്റെ മനസ് ഞാൻ പോലുമറിയാതെ സ്വപ്നങ്ങൾ കൊണ്ടു പ്രണയത്തിന്റെ മണിമാളിക തന്നെ തീർത്തിരുന്നു. അവനിൽ നിന്നും അടരാൻ ആവാത്ത വിധം എന്റെ മനസ്സിൽ ആ ചെങ്കൊടി ചുവപ്പ് പടർന്നിരുന്നു.

അങ്ങനെ മാസങ്ങൾ കൊഴിഞ്ഞു വീണു.

പാർട്ടിയുടെ നേതൃത്വത്തിൽ ഒരു സമൂഹവിവാഹം സംഘടിപ്പിക്കാറുണ്ട് എല്ലാ വർഷവും. നിർധന കുടുംബത്തിലെ 5 പെൺകുട്ടികളുടെ വിവാഹമാണ് തീരുമാനിച്ചിരുന്നത്.

തന്റെ ജീവിതം മാറിമറിഞ്ഞ ദിവസം കൂടി ആയിരുന്നു അത്.

പാർട്ടി ഓഫീസിനു അടുത്തുള്ള ഹാളിലായിരുന്നു ചടങ്ങ്. വിവാഹത്തിന് സമയം ആയപ്പോഴാണ് വരന്മാരിൽ ഒരാൾക്ക് വിവാഹത്തിന് താല്പര്യമില്ലെന്നു അറിയിക്കുന്നത്. പെൺകുട്ടിയും വീട്ടുകാരുമാകെ വിഷമത്തിലായി. പ്രശ്നമാകെ വഷളാക്കുമെന്നു വന്നപ്പോൾ റാമിന്റെ അമ്മ ആ കുട്ടിയെ റാം സ്വീകരിക്കുമെന്നു പറയുന്നത്. അമ്മയുടെ തീരുമാനുസരിച്ചു ആ കുട്ടിയെ റാമിന് സ്വീകരിക്കേണ്ടിവന്നു.

എല്ലാവരും അവരുടെ സന്തോഷത്തിൽ പങ്കുചേർന്നപ്പോൾ ഞാൻ ഹോസ്റ്റലിൽ നിന്നും എന്റെ സഖാവിന് ഉള്ള സമ്മാനവുമായി എന്റെ ഇഷ്ടം അറിയിക്കാനുള്ള യാത്രയിൽ ആയിരുന്നു. ജംഗ്ഷനിൽ വന്നു ബസ് ഇറങ്ങി വീട്ടിലേക്കു നടക്കുമ്പോൾ വെറുതെ പാർട്ടി ഓഫീസിന്റെ ഭാഗത്തേക്ക് നോക്കി. സഖാവിനെ തിരഞ്ഞ ഞാൻ കണ്ടത് സഖാവിന്റെ കൈപിടിച്ചു നിൽക്കുന്ന ഒരുവളെയാണ്. പിന്നെ അവിടെ നിൽക്കാൻ തോന്നിയില്ല. വീട്ടിൽ ചെന്നു മുറി അടച്ചിരുന്നു കുറെ നേരം. വല്ലാത്തൊരു നിരാശയെന്നെ പിടികൂടി. അപ്പനോട് കാര്യങ്ങൾ പറഞ്ഞു. പ്രായത്തിന്റെ തമാശയായി അപ്പനത് ചിരിച്ചുതള്ളി. എങ്കിലും എനിക്ക് ആ വേദനയിൽ നിന്നും പുറത്തു വരാൻ കഴിഞ്ഞില്ല. എന്റെ ഈ മാറ്റം മമ്മക്ക് സഹിക്കാൻ കഴിയുന്നതായിരുന്നില്ല.ഒരു ദിവസം മമ്മയുമായി വഴക്കടിച്ചു വീട്ടിൽ നിന്നുമിറങ്ങി. സഹ്യയുടെ അടുത്തേക്ക് പോന്നു. കുട്ടിക്കാലം മുതലുള്ള കൂട്ടാണവൾ. എന്റെ വിഷമവും സങ്കടവും അവൾക്ക് മനസ്സിലാകുമായിരുന്നു.


ഫോണും ഓഫാക്കി അവളുടെ ഒരു ഫ്രണ്ടിന്റെ പഴയ വീട്ടിൽ ഏകാന്തവാസം തുടങ്ങിട്ട് മൂന്നാല് മാസമായി. വീട്ടിലേക്ക് തിരികെ പോകണമെന്ന് പലവട്ടം കരുതിയതാണ് പക്ഷേ എന്റെ നഷ്ടത്തെ അംഗീകരിക്കാൻ മനസ് ഇനിയും തയ്യാറാവുന്നില്ല. നാട്ടിൽ പോയാൽ വീണ്ടും അവന്റെ മുന്നിൽ ചെന്നുനിൽക്കാനുള്ള കരുത്ത് ഇനിയും നേടിയിട്ടില്ല. ഒരു നെടുവീർപ്പോടെ അവൾ കസേരയിലേക്ക് ചാരി.

എവിടെയോ വായിച്ച വരികൾ മനസിലേക്ക് ഓടിയെത്തി.

'നിന്റെ നെഞ്ചിലെ ചുവപ്പിനോളം പ്രണയമുണ്ടെനിക്ക് സഖാവേ നിന്നോടെന്നും.....

●

**കഥ**



# വേനൽ മഴ..



**പി. ശ്രീകുമാരി**

**രാ**വിലെ മുതൽ ദേവരാജൻ അസ്വസ്ഥനാണ്.

കാർമേഘാവൃതമായ അന്തരീക്ഷത്തിൽ അയാൾ കൂടുതൽ വിഷമിച്ചു.

പതിവില്ലാതെ അതിരാവിലെ കുടുംബ ക്ഷേത്രത്തിലേക്ക് ഇറങ്ങിയതാണ്. അമ്മ മരിച്ച ശേഷം ഇക്കാര്യത്തിൽ അയാളെ ആരും നിർബന്ധിക്കാറില്ല. കഴിഞ്ഞ ദിവസം തറവാട്ടിലെ കുട്ടിയുടെ കല്യാണത്തിന് വിജയേട്ടൻ അമ്പലത്തിന്റെ ജീർണ്ണതയെപറ്റി ആവലാതിപ്പെട്ടത് അയാൾ ഓർത്തു. പോക്കറ്റിലെ സെൽഫോൺ ഇടതുകൈ കൊണ്ട് ചേർത്ത് പിടിച്ചു അയാൾ നടത്തത്തിനു വേഗതകൂട്ടി. പരീക്ഷ കാലമായതിനാൽ പെൺകുട്ടികൾ കൽവിളക്കുകൾ തെളിയിക്കുന്നുണ്ട്. അവർ പരിചയഭാവം കാണിച്ചതൊന്നും അയാൾ ശ്രദ്ധിച്ചില്ല. തിരക്കിട്ട് പ്രദക്ഷിണവഴിയിലൂടെ നടക്കുന്നതിനിടയിൽ അയാൾ ക്ഷേത്രകിണറ്റിലേക്ക് എത്തിനോക്കി. പോക്കറ്റിൽ



നിന്നും സെൽഫോൺ കിണറ്റിലെ ആഴത്തിലേക്ക് ആണ്ടുപോയത് അയാൾ പരിഭ്രമത്തോടെ നോക്കിനിന്നു....

ഒരു നിമിഷം ദേവരാജൻ നിശ്ചലനായി..
സമനില വീണ്ടെടുത്ത അയാൾ കിണറിനു ചുറ്റും നടന്നശേഷം ധൃതിയിൽ മടങ്ങി. വിജയേട്ടനെ കാണുന്നകാര്യം, ദേവിയെ തൊഴുന്നത് എല്ലാം അയാൾ മറന്നു.

മൂന്നാലുവർഷമായിട്ടുള്ള സന്തത സഹചരിയാണ് അയാളെ വേർപെട്ടുപോയത്.വഴിയിൽ കാണുന്നതൊന്നും ശ്രദ്ധിക്കാതെ എന്തെന്നില്ലാത്ത തിരക്കിൽ അയാൾ വീട്ടിൽ തിരിച്ചെത്തി. മുറ്റത്തുനിന്നും പത്രമെടുത്തു അലസമായി മറിച്ചു നോക്കി തിണ്ണമേൽ വെച്ചു.വീണ്ടും റോഡിലേക്ക് ഇറങ്ങി ഒന്നും ചെയ്യാനില്ലാതെ തിരിച്ചുവന്നു കട്ടിലിൽ കയറി കിടന്നു. ഫോൺ നഷ്ടപെട്ട കാര്യം അയാൾ ആരോടും, പ്രത്യേകിച്ച് രാധികയോടും പറഞ്ഞില്ല.

ഈ ഫോൺ അവർക്കിടയിൽ ഉണ്ടാക്കിയ വഴക്കുകൾക്കും തെറ്റിദ്ധാരണകൾക്കും കണക്കില്ല... അയാൾ ഇരുപത്തിനാലു മണിക്കൂറും ഫോണിൽ കുത്തിയിരുന്ന് സമയം കളയുന്നെന്നാണ് അവളുടെ പഴി. ഈയിടെയായി രാധികയും ഫോണിൽ സമയം ചെലവിടുന്നതായി അവൾക്കു തന്നെ തോന്നി തുടങ്ങിയിട്ടുണ്ട് .

അവൾ പതിവ് ഞായറാഴ്ചചര്യകളിൽ മുഴുകിയിരിക്കുകയാണ്. തേവരുടെ അമ്പലത്തിൽ നിന്നും അവൾ മടങ്ങി എത്തിയിട്ടും അയാൾ കിടക്കുകയാണ്.

'എന്താ ദേവേട്ടാ കിടക്കുന്നത്?'

'ഏയ് ഒന്നൂല്യ...

അയാളുടെ മറുപടിക്ക് കാത്ത് നിൽക്കാതെ അവൾ പോയി.

ഇന്നെന്തോ രാധികയുടെ തലയിൽ കേറിയിട്ടുണ്ട്. അല്ലെങ്കിൽ അവൾ അയാളെ കുത്തിചികഞ്ഞേനെ...

ദേവേട്ടാ, 'വരൂ കഴിക്കാം '

അവൾ വീണ്ടും അടുത്തുചെന്നു.

'അല്ല...ഇന്നെന്താ പതിവില്ലാതെ ഇങ്ങനെ കിടക്കുന്നത്. '?

അവൾ അയാളുടെ നെറ്റിയിൽ കൈവെച്ചു ചോദിച്ചു.

'ടെംപറേച്ചർ ഒന്നും ഇല്ലല്ലോ?

അവൾ നടന്നു. മകൻ രാഹുൽ വരുന്നതിന്റെ ഉത്സാഹത്തിലാണ് രാധിക. നോയിഡയിലെ ചൂടിൽനിന്നും ജോലിതിരക്കിൽ നിന്നും ഒന്ന് ചിൽഡാവൻ കുറച്ചു ബ്രേക്ക് എടുത്തു വരുന്നു എന്ന് കഴിഞ്ഞദിവസം രാഹുൽ പറഞ്ഞിരുന്നു. അവന്റെ മുറിയിൽ ഒരു തൊപ്പിക്കിളി കൂടു കൂട്ടിയിട്ടുള്ളത് മുറി അടിക്കാൻ ചെന്നപ്പോൾ വള്ളിയമ്മ കണ്ട കാര്യവും മകൾക്കു വിശേഷം ഉള്ളതിനാൽ കിളിക്കൂട് എടുത്തു മാറ്റിയില്ല എന്നെല്ലാം ഭക്ഷണം കഴിക്കുന്നതിനിടെ രാധിക പറയുന്നുണ്ട്..

ഇപ്പറയുന്നതൊന്നും അയാൾ ശ്രദ്ധിക്കുന്നില്ലല്ലോ എന്നവൾ ഓർത്തു.

കുറച്ചുകാലങ്ങളായി അയാൾ അങ്ങനെയാണ്... അയാൾ കഴിച്ച് എഴുനേൽക്കുന്നതിനു  മുൻപേ അവൾ മതിയാക്കി..

'ദേവട്ടാ, ഒന്നു മുകളിലോട്ടുവരണം.. രാഹുലിന്റെ ബുക്ക് ഷെൽഫ് വൃത്തിയാക്കണം'

എന്നുപറഞ്ഞു അവൾ കോണി കയറി.. മുറി വൃത്തിയാക്കുന്നതിനിടെ അയാളെ കണ്ടപ്പോൾ


'ഇതെന്താ പതിവില്ലാതെ വിളിച്ച ഉടനെ എത്തിയല്ലോ?

ഇന്ന് മഴപെയ്യും!

കുംഭത്തിലെ മഴ കുപ്പയിലും മാണിക്യം എന്നാണല്ലോ പഴഞ്ചൊല്ല് ' അവൾ കൂട്ടിച്ചേർത്തു...

രാധിക ശ്രദ്ധയോടെ കിളിക്കൂട് അടർത്തി മാറ്റി മുറ്റത്തെ പിച്ചകപടർപ്പിൽ കൊണ്ടുവെച്ചു.

അയാൾ ഷെൽഫിൽ നി ന്നും ബുക്കുകൾ ഒന്നൊന്നായി എടുത്തു. ഏതോ ബുക്കിനിടയിൽ നിന്നും ഒന്നു രണ്ടു കത്തുകളും പഴയ ഒരു കുഞ്ഞു ആൽബവും താഴെ വീണു. അയാൾ കുനിഞ്ഞു കത്തുകൾ എടുത്തു. രാഹുലിനെ പ്രസവിക്കുന്നതിനായി അവൾ നാട്ടിൽ പോയപ്പോൾ അയാൾ അയച്ച കത്തുകൾ ആണ്. അവളെ സന്തോഷിപ്പിക്കുന്നതിനു മേഘസന്ദേശത്തിലെ വരി



കൾ പകർത്തിയത് കണ്ട് അയാൾ ഊറി ചിരിച്ചു...

മധുവിധുകാലത്തെ ഫോട്ടോകൾ അയാളിൽ കൗതുകം ഉണർത്തി.. സ്വന്തം രൂപം ഏറെമാറിയതായി അയാൾക്ക് തോന്നി. അവളുടെ വട്ടക്കണ്ണിലെ തിളക്കം നന്നേ കുറഞ്ഞിട്ടുള്ളത് അയാൾ ശ്രദ്ധിച്ചു... ദേവരാജൻ അവളെ വീണ്ടും നോക്കി..

ജോലി ഒതുക്കി അവൾ അലസമായി മുടി കോതി വിടർത്തുകയാണ്.... വിയർപ്പിൽ കുതിർന്ന എണ്ണയുടെയും ഷാമ്പൂവിന്റെയും മണം മുറിയാകെ പരന്നു...

മഷി പടർന്ന കണ്ണുകൾ അവളെ ക്ഷീണിതയാക്കിയിട്ടുണ്ട്...

അയാൾ അവളുടെ മുടിയിൽ മെല്ലെ തലോടി... അമ്പരന്ന അവൾ എന്തോ പറയുന്നതിന് മുൻപേ അയാൾ അവളെ ചേർത്തണച്ചു..

എന്നോ എവിടെയോ നഷ്ടപെട്ട വസന്തം തിരിച്ചുകിട്ടിയെ ദേവരാജൻ ഒരു ഉന്മാദിയായി...

ജനലഴിയിലൂടെ തൊപ്പിക്കിളി പാതിതീർത്ത കൂടുംതേടി ചിറകടിച്ചു പറന്നുവന്നു... കൂടുകാണാതെ ചിറകൊതുക്കി ചുണ്ടു കൂർപ്പിച്ചു പറന്നുപോയി...

എവിടെയോ പെയ്യുന്ന വേനൽ മഴയുടെ ശീതക്കാറ്റ് പുറത്തു വീശാൻ തുടങ്ങിയിരുന്നു.... ●




# വിശ്രമിക്കാൻ സമയമായില്ല

**2022 നവംബർ ലക്കം മാസികയിൽ ചേർത്തിരുന്ന അഭിമുഖം പുനർ പ്രസിദ്ധീകരിക്കുന്നു. എഴുത്തച്ഛൻ പുരസ്കാര ജേതാവിന് മാസികയുടെ സമാദരം.**

**താരാ അതിയേടത്ത്**

'മനസ്സിന്റെ മരുന്നു ശാലയാണ് വായനശാല' എന്നു പറയാറുണ്ട്. അങ്ങനെയൊരു വായനശാലയിലായിരുന്നു കഴിഞ്ഞ ദിവസത്തെ കുറച്ചു മണിക്കൂറുകൾ. തന്റെ ജീവിതം തന്നെ വായനശാലയാക്കി മാറ്റിയ ഒരു വലിയ മനുഷ്യൻ. എഴുത്തിലും സംസാരത്തിലും നർമ്മത്തിന്റെ മധുരം ചാലിച്ച് ഗൗരവ വിഷയങ്ങളെ അനുവാചകരിലേക്ക് നയിക്കുന്ന നമ്മുടെ വസന്തൻ മാഷ്. കേരള സംസ്കാര ചരിത്ര നിഘണ്ടു, നമ്മൾ നടന്ന വഴികൾ, പടിഞ്ഞാറൻ കാവ്യമീമാംസ തുടങ്ങിയ നിരവധി കൃതികൾ മലയാളികൾക്ക് സമ്മാനിച്ച പ്രിയപ്പെട്ട എഴുത്തുകാരൻ . മാഷിനെ പോലെ തന്നെ മാഷിന്റെ ഓരോ പുസ്തകങ്ങളും നമ്മളോട് സംസാരിക്കുന്നു ..... കഥകൾ പറയുന്നു .... അനുഭവലോകങ്ങളെ പരിചയപ്പെടുത്തുന്നു ...

സ്വന്തം ജീവിതം ചരിത്രാന്വേഷണത്തിനായും വരും തലമുറയ്ക്കു മുന്നിൽ അതെത്തിച്ച് മറ്റുള്ളവരുടെ കൂടി അനുഭവങ്ങളാക്കാൻ ശ്രമിച്ച വേറൊരു മനുഷ്യൻ ലോകത്തില്ല എന്നു തന്നെ പറയാം. ചരിത്രാന്വേഷി, നോവലിസ്റ്റ്, പ്രാസംഗികൻ, പണ്ഡിതൻ , ചിത്രകാരൻ , അധ്യാപകൻ ഏത് പേരിലാണ് മാഷെ നമ്മൾ അടയാളപ്പെടുത്തേ

ണ്ടത്. എങ്ങനെ അടയാളപ്പെടുത്തിയാലും മാഷ് നമുക്ക് ചുറ്റും പകർന്നു തരുന്ന സ്നേഹത്തിന്റെ വിജ്ഞാനത്തിന്റെ , ചരിത്രത്തിന്റെ , ഓർമ്മകളുടെ ഒരു അക്ഷയ ഖനി ഉണ്ട്. അതിൽ നക്ഷത്ര ശോഭയോടെ തിളങ്ങുന്ന ചില ധന്യ മുഹുർത്തങ്ങളുണ്ട്. ആ ധന്യമുഹുർത്തങ്ങൾക്കൊപ്പം .....

ശ്രീ ശങ്കര കോളേജിലും ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലും അധ്യാപകനായിരുന്ന നിരവധി പ്രഗത്ഭരുടെ ഗവേഷണ മാർഗദർശിയായ ഡോ.എസ് കെ വസന്തൻ മാഷിന്റെ കൂടെ .....

**1. മാഷിന്റെ ബാല്യകാലത്തെ കുറിച്ച് ....**

അച്ഛൻ കരുണാകര മേനോൻ , അമ്മ സരസ്വതിയമ്മ. ഞാൻ ഒരേയൊരു മകനായിരുന്നു. അച്ഛന്റെ സഹോദരങ്ങളുള്ളതു കൊണ്ട് ഞാൻ ഒരിക്കലും ഒറ്റപ്പെട്ടിട്ടില്ല. കുട്ടിക്കാലത്ത് മുത്തശ്ശിയായിരുന്നു എന്റെ രക്ഷാകവചം . എന്തെങ്കിലും വികൃതി കാട്ടിയാൽ ആരെങ്കിലും ശകാരിക്കാൻ തുടങ്ങിയാൽ മുത്തശ്ശി ഇടപെടും. ഇന്നു ഞാൻ ശീലമായി കൊണ്ടു നടക്കുന്ന എല്ലാ നല്ല കാര്യങ്ങളും മുത്തശ്ശി പഠിപ്പിച്ചതാണ്.

**2. സ്കൂൾ വിദ്യാഭ്യാസത്തെ കുറിച്ച് :**

എന്നെ നിലത്തെഴുത്ത് പഠിപ്പിച്ചത് കുഞ്ഞൻപിള്ള ആശാനാണ്. ആശാന്റെ മുന്നിൽ നിലത്ത് മണൽ ചൊരിഞ്ഞ് അതിൽ ആശാൻ പറയുന്ന അക്ഷരങ്ങൾ എഴുതും. സ്ലേറ്റ് കേട്ടെഴുത്തിനാണ്. ഒൻപതുമണി കഴിഞ്ഞാൽ കണക്കിന്റെ സമയമാണ്. ഗുണനപ്പട്ടിക കാണാതെ പഠിക്കണം. മാഹാണി , കാൽ, അര ,മുക്കാൽ എന്നിവയുടെ ഗുണനപ്പട്ടികകൾ കൂടി പഠിക്കണം. സ്ലേറ്റിൽ

കവിതകളും ശ്ലോകങ്ങളും എഴുതി പഠിപ്പിക്കും. ഞാൻ പഠിച്ച ആദ്യത്തെ ശ്ലോകം' മിന്നും പൊന്നിൻ കിരീടം തരിവളകടകം.....' എന്നു തുടങ്ങുന്ന ശ്ലോകം ആണ്. ക്ലാസ്സ് തുടങ്ങുമ്പോഴൊ, തീരുമ്പോഴൊ ,ഇടയ്ക്കു വച്ചോ അത് ചൊല്ലി കേൾപ്പിക്കണം. സ്കൂൾ വിദ്യാഭ്യാസം തുടങ്ങിയത്

ഇടപ്പള്ളി സർക്കാർ സ്കൂളിലാണ് . ഇന്നത്തേതിൽ നിന്ന് വ്യത്യസ്തമായി അക്കാലത്ത് പ്രിപ്പറേറ്ററി ക്ലാസ് (Preparatory Class) എന്ന പേരിൽ അറിയപ്പെടുന്ന ഒരു ക്ലാസ്സ് കൂടി ഉണ്ടായിരുന്നു. അടുത്ത ക്ലാസ്സിനു വേണ്ടിയുള്ള തയ്യാറെടുപ്പാണത്. പിന്നെ നാല് കഴിഞ്ഞാൽ നാലര ക്ലാസ്. അവിടെയാണ് ഇംഗ്ലീഷ് തുടങ്ങുന്നത്.


ഇപ്പോഴത്തെ SSLC അന്ന് സിക്സ്ത്ത് ഫോം എന്നാണ് അറിയപ്പെട്ടിരുന്നത്. പിന്നെ ഇന്റർമീഡിയേറ്റ്, ബി.എ, എം.എ. അങ്ങനെയായിരുന്നു.

**3. കോളേജ് കാലത്തെ കുറിച്ച്......**

ആ കാലം വളരെ . രസകരമാണ്. അന്ന്



**ചരിത്രാന്വേഷി, നോവലിസ്റ്റ്, പ്രാസംഗികൻ, പണ്ഡിതൻ , ചിത്രകാരൻ , അധ്യാപകൻ ഏത് പേരിലാണ് മാഷെ നമ്മൾ അടയാളപ്പെടുത്തേണ്ടത്. എങ്ങനെ അടയാളപ്പെടുത്തിയാലും മാഷ് നമുക്ക് ചുറ്റും പകർന്നു തരുന്ന സ്നേഹത്തിന്റെ വിജ്ഞാനത്തിന്റെ , ചരിത്രത്തിന്റെ , ഓർമ്മകളുടെ ഒരു അക്ഷയ ഖനി ഉണ്ട്.**



എഞ്ചിനിയറാവണമെന്നായിരുന്നു ആഗ്രഹം. എന്താണ് എഞ്ചിനിയർ എന്നൊന്നും അന്ന് അറിയില്ല. അങ്ങനെ ഫസ്റ്റ് ഗ്രൂപ്പ് കണക്കിന് ചേർന്നു. അന്ന് തിരുവനന്തപുരത്ത് മാത്രമാണ് എഞ്ചിനിയറിങ് കോളേജ് ഉള്ളത്. അവിടെ പോയി നിന്നു പഠിക്കാനുള്ള സാമ്പത്തികശേഷി ഇല്ലാത്തതു കൊണ്ട് ആ ആഗ്രഹം അങ്ങ് ഉപേക്ഷിച്ചു. പിന്നീട് ബി.എ ക്ക് കണക്ക് ഐച്ഛികവിഷയമായി എടുത്തു. ഫസ്റ്റ് പാർട്ട് ഇംഗ്ലീഷും, സെക്കൻഡ് പാർട്ട് മലയാളവും, തേർഡ്

പാർട്ട് കണക്കും ആയിരുന്നു. മലയാളത്തിൽ യൂനിവേഴ്സിറ്റി ഫസ്റ്റ് റാങ്ക് കിട്ടി. അങ്ങനെ മഹാരാജാസിൽ മലയാളം എം.എ ക്ക് ചേർന്നു. അന്ന് മഹാരാജാസിൽ മലയാളം പ്രൊഫസർ പി.വി കൃഷ്ണൻ നായർ ആയിരുന്നു. അദ്ദേഹം എന്റെ അച്ഛന്റെ സുഹൃത്തായിരുന്നു. അതുകൊണ്ട് തന്നെ എന്നോട് അദ്ദേഹം കൂടുതൽ വാത്സല്യം കാണിച്ചിരുന്നെന്ന് സ്വകാര്യമായി ഞാൻ ഊറ്റം കൊള്ളാറുണ്ട്. എം.എ. ക്ലാസ്സിൽ പോലും അദ്ദേഹം കുട്ടികളോടു ചോദ്യം ചോദിക്കും. ഉത്തരം പറഞ്ഞില്ലെങ്കിൽ ശകാരിക്കും.

സാനുമാഷ്, ഒ എൻ വി, സി.എൽ ആന്റണി തുടങ്ങിയ അദ്ധ്യാപകരും പഠിപ്പിച്ചിട്ടുണ്ട്.

**4 ജി.ശങ്കരക്കുറുപ്പ് മാഷിന്റെ ഓർമ്മകൾ.**

ഞാൻ മഹാരാജാസിൽ എം.എ മലയാളത്തിന് ചേർന്നതിന്റെ തലേ കൊല്ലമാണ് കുറുപ്പു മാഷ് വിരമിക്കുന്നത്. മാഷ് എന്നെ പഠിപ്പിച്ചിട്ടില്ല. എന്നാൽ പഠിപ്പിച്ചുണ്ടേനും. ഉദ്യോഗത്തിൽ നിന്ന് വിരമിച്ചെങ്കിലും മാഷ് ഇടയ്ക്ക് സാഹിത്യ പരിക്ഷത്തിന്റെ ഓഫീസിൽ വരും. മഹാരാജാസിന്റെ അടുത്താണ് സാഹിത്യപരിക്ഷത്ത് ഓഫീസ്. അവിടെ വരുമ്പോൾ മാഷ് കോളേജിലെത്തും. മാഷ് വരുമ്പോൾ കൃഷ്ണൻ മാഷ് ചോദിക്കും,' മാഷ് ക്ലാസിൽ പോണ് ണ്ടോ .'...

' എന്നാ ഞാൻ പോവാന്ന് മാഷും .'

അത് ഇന്ന വിഷയമെന്നൊന്നും ഇല്ല . എഴുത്തച്ഛനൊ , ആട്ടക്കഥയൊ ഏതുമാവാം. 'കുറുപ്പുമാഷിന്റെ പ്രസംഗകച്ചേരി' എന്നാണ് ഞങ്ങൾ വിളിച്ചിരുന്നത്.

ജോലിയൊക്കെ ആയി ഞാൻ നായത്തോട് താമസിച്ചത് മാഷിന്റെ വീടിനടുത്തായിരുന്നു. എല്ലാ ആഴ്ചാവസാനവും മാഷ് അമ്മയെ കാണാൻ വരും. അങ്ങനെയും ആ ബന്ധം ദൃഢമായി.

**4. കോളേജ് വിദ്യാഭ്യാസം കഴിഞ്ഞ ഉടനെ ജോലിയിൽ പ്രവേശിച്ചു എന്നറിയാം. ആ ഓർമ്മകളെ കുറിച്ച് ...**

പഠിത്തം കഴിഞ്ഞിരിക്കുമ്പോഴാണ് കാലടി കോളേജിൽ ഒഴിവ് വരുന്നത്. അങ്ങനെ ഇരുപത്തൊന്നാമത്തെ വയസ്സിൽ ജോലിയിൽ കയറി .

**5 . അധ്യാപകനായിരിക്കെ പിരിച്ചുവിടലിന് വിധേയനായി എന്ന് കേട്ടിട്ടുണ്ട്. ആ കാലത്തെ കുറിച്ച് .....**

പിരിച്ചുവിടൽ

അതിന് എന്റെ ജീവിതവുമായി നേരിട്ട് ബന്ധമില്ല. എന്നാൽ മറ്റു പലരുടേതുമായി ബന്ധപ്പെട്ടതാണ്. ആഗമാനന്ദ സ്വാമികളാണ് കോളേജ് തുടങ്ങുന്നത്. എന്നാൽ കോളേജിനു വേണ്ട സാമ്പത്തിക സഹായം ചെയ്തത് മങ്കൊമ്പ് കൃഷ്ണയ്യർ ആയിരുന്നു. പുതിയ കെട്ടിടമൊക്കെ പണിത് കഴിഞ്ഞപ്പോൾ കൃഷ്ണയ്യർ അധ്യാപകരെ നേരിട്ട് നിർണ്ണയിക്കാനുള്ള അന്തിമ അധികാരം തന്റേതു മാത്രമാണെന്ന് അവകാശപ്പെട്ടു. അപ്പോൾ ആഗമാനന്ദ സ്വാമികൾ പറഞ്ഞു: 'നമുക്കൊരു കമ്മിറ്റി ഉണ്ട്. അവർ വിലയിരുത്തി യോഗ്യത നേടിയ ടീച്ചേഴ്സിനെ മാത്രമെ ജോലിയിൽ നിയമിക്കാൻ സാധിക്കുകയുള്ളു .' അതിഷ്ടപ്പെടാത്ത കൃഷ്ണയ്യർ



**വസന്തൻ മാഷിന്റെ പുസ്തകങ്ങൾ**

അതിനെതിരെ കേസ് കൊടുത്തു. അങ്ങനെ കേസും ബഹളവുമായ സമയത്താണ് ഞാൻ ജോലിയിൽ പ്രവേശിക്കുന്നത്. കൃഷ്ണയ്യർ കോളേജ് പൂട്ടിയിടണമെന്നും കെട്ടിടം ലേലം ചെയ്ത് പൈസ കിട്ടണമെന്നും ആവശ്യപ്പെട്ടു.

അന്ന് ഹൈക്കോടതി ജഡ്ജ് രാമൻ നായർ ആയിരുന്നു. അദ്ദേഹം വളരെ മിടുക്കനും ബുദ്ധിശാലിയും ആയിരുന്നു. അദ്ദേഹം കേസങ്ങനെ നീട്ടും. ഒന്നൊന്നര കൊല്ലം അങ്ങനെ കേസു നീങ്ങി. ഒന്നും ചെയ്യാൻ നിവൃത്തിയില്ല. അങ്ങനെയിരിക്കെയാണ് ശൃംഗേരിയിൽ നിന്നും പിൻതലമുറക്കാർ എത്തുന്നത്. എല്ലാ ബാദ്ധ്യതകളും തീർത്ത് അവർ ഏറ്റെടുക്കാൻ തയ്യാറായി. എന്തൊക്കെയൊ തിരിമറികൾ നടന്ന് കൃഷ്ണയ്യർ തന്നെ കോളേജിന്റെ തലപ്പത്ത് വന്നു.

പിന്നീട് ഇടയ്ക്കിടയ്ക്ക് കോളേജ് അടക്കലും തുറക്കലും തുടർന്നു കൊണ്ടേയിരുന്നു. അന്ന് 15 പേരെയാണ് പിരിച്ചുവിട്ടത്. നേരിട്ടുള്ള ശമ്പളം വന്നതോടെ പിരിച്ചുവിടൽ നിന്നു .വേറെ കോളേജ് ഒന്നും ഇല്ലാത്തതു കൊണ്ട് 33 കൊല്ലം അവിടെ തന്നെ ജോലി ചെയ്തു. 1958ൽ തുടങ്ങി 1991 വരെ കാലടിയിൽ തന്നെ ആയിരുന്നു. വല്ലാത്തൊരു കാലം തന്നെ ആയിരുന്നു അത്.

**6. റിട്ടയർമെന്റിനു ശേഷം .....**

എന്റെ ഒരു പഴയ പരിചയക്കാരനുണ്ടായിരുന്നു ഏറ്റുമാനൂർ ശിവദാസൻ. റിട്ടയർമെന്റ് ചെയ്യുന്നതിന് ഒരു പതിനഞ്ചു കൊല്ലം മുമ്പെ നമുക്ക് എം.എ കുട്ടികൾക്കായി ഒരു സ്ഥാപനം തുടങ്ങണമെന്ന് അദ്ദേഹം പറഞ്ഞിരുന്നു. തൊണ്ണൂറ്റി ഒന്ന് ഏപ്രിലിൽ കൃത്യം അദ്ദേഹത്തിന്റെ കത്ത് വന്നു. ' പറഞ്ഞതോർമ്മയുണ്ടല്ലോ, ഞാൻ ക്ലാസ്സ് തുടങ്ങി. തിങ്കളാഴ്ച വരണം'. കത്ത് വായിച്ച ഉടനെ പുറപ്പെട്ടു. അദ്ദേഹത്തിന്റെ കൂടെ ഒരു മൂന്നു കൊല്ലം ചങ്ങനാശ്ശേരിയിൽ ക്ലാസ് എടുത്തു.

**7 പി.എച്ച്.ഡി ഓർ മ്മകൾ ...**

അന്ന് കേരള സർവ്വകലാശാലയിൽ വകുപ്പുമേധാവി ഡോ.പി.കെ നാരായണ പിള്ളയാണ്. അദ്ദേഹത്തെ കണ്ട് വിവരങ്ങളും ആഗ്രഹവും പറഞ്ഞു

പി.എച്ച് ഡി ക്ക് മുഴുവൻ സമയവും ഗവേഷണത്തിന് വിദ്യാർത്ഥി തയ്യാറാവണം. ജോലി ഉപേക്ഷിക്കണം. അദ്ദേഹം പറഞ്ഞു. ‘താൻ എം ഫില്ലിനു രജിസ്റ്റർ ചെയ്യൂ ... ബാക്കി വഴിയെ നോക്കാം‘ .‘ മലയാള സാഹിത്യത്തിലെ രാജവംശങ്ങളുടെ സംഭാവന ‘ അതായിരുന്നു വിഷയം. അഞ്ചെട്ടു മാസം കഴിഞ്ഞപ്പോൾ ഞാൻ തിരഞ്ഞെടുത്ത വിഷയം ഒരു എം ഫില്ലിന്റെ പരിധിയിൽ ഒതുങ്ങുന്നതല്ല എന്നും അത് പി എച്ച് .ഡി ആയി പരിഗണിക്കണമെന്നും അദ്ദേഹം സിൻഡിക്കേറ്റിന് എഴുതി. സിൻഡിക്കേറ്റ് നിർദ്ദേശം അനുസരിക്കുകയും പ്രബന്ധം സമർപ്പിക്കാനുള്ള അവസരം എനിക്ക് കിട്ടുകയും ചെയ്തു. കാലടി കോളേജിൽ പരിമിതമായ സൗകര്യങ്ങളെ ഉണ്ടായിരുന്നുള്ളു. എല്ലാ വെള്ളിയാഴ്ചയും ഉച്ചതിരിഞ്ഞ് സാഹിത്യ അക്കാദമിയിൽ എത്തും. തിങ്കളാഴ്ച രാവിലെ തിരിച്ചു പോകും. അവിടത്തെ ഡോർമിറ്ററിയിൽ താമസം. ദിവസവും പത്തു മണിക്കൂർ വരെ വായന. ഇന്ന് അതോർക്കുമ്പോൾ ഭയം തോന്നുന്നു.

**8. വൈലോപ്പിള്ളി മാഷിനോടൊപ്പമുള്ള ഓർമ്മകൾ:**

പി എച്ച് .ഡിയുമായി ബന്ധപ്പെട്ട് ഞാൻ അക്കാദമിയിൽ താമസിക്കുന്ന കാലത്താണ്



വൈലോപ്പിള്ളി മാഷുമായി കൂടുതൽ അടുക്കുന്നത്. മാഷ് അന്ന് ദേവസ്വം ക്വാർട്ടേഴ്സിൽ ആയിരുന്നു താമസം. ചില വൈകുന്നേരങ്ങളിൽ മാഷിന്റെ കൂടെ നടക്കാൻ പോകും. പത്തടി നടക്കുന്നതിനിടയിൽ പത്ത് പരിചയക്കാരെങ്കിലും മാഷോട് ലോഹ്യം പറയും. ആ ഇടമുറിഞ്ഞ വർത്തമാനങ്ങൾക്കിടയിലും മാഷ് ഒരു പാട് നേരമ്പോക്കുകൾ പറയും. മാഷിനെക്കുറിച്ചോർക്കുമ്പോൾ മനസ്സ് നിറയുന്ന ഓർമ്മകളുണ്ട്. ഒരു ദിവസം മാഷിന്റെ വീട്ടിൽ ചെന്നപ്പോൾ അദ്ദേഹം പറഞ്ഞു' ഒരു കവിത വായിക്കാം' ഞാൻ കവിത കേൾക്കാൻ തയ്യാറായിരുന്നു. മാഷ് വായിക്കാൻ തിരഞ്ഞെടുത്തത് ' ജലസേചനം' എന്ന കവിത ആയിരുന്നു. മലയാളത്തിലെ എക്കാലത്തെയും മികച്ച രചനകളിലൊന്ന്. പുസ്തകം എന്റെ കയ്യിൽ തന്നിട്ട് പറഞ്ഞു.

' വായിച്ചോളു' മാഷിന്റെ കവിത മാഷിന്റെ മാത്രം സാന്നിദ്ധ്യത്തിൽ വായിക്കുക. അല്പം അമ്പരപ്പോടെ ആണ് വായന തുടങ്ങിയത്. എന്നാൽ, 'കാറ്റിനാൽ കുന്തളം ചീകി മിനുക്കിയ കാട്ടിലെ സുന്ദരിയുടെ പ്രയാണം പോലെ അനായാസമായി വായന. മാഷ് ചാരു കസേരയിൽ കണ്ണടച്ച് കിടന്നു.

**9 .ആദ്യം കഥകളാണോ എഴുതിയത്.**


കവിതകൾ എഴുതിയിരുന്നു. വൈലോപ്പിള്ളി മാഷിന്റെയും കുറുപ്പു മാഷിന്റെയും കവിതകൾ പഠിച്ചപ്പോൾ എനിക്കതു പറ്റിയ പണിയല്ല എന്നു മനസ്സിലായി. പിന്നെ കഥ എഴുതാൻ തുടങ്ങി. മലയാളം, ചന്ദ്രിക തുടങ്ങിയ മാസികകളിൽ പ്രസിദ്ധീകരിച്ചു. ചിന്ത പബ്ലിഷേഴ്സ് നടത്തിയ നോവൽ മത്സരത്തിൽ എന്റെ ആദ്യ നോവലായ 'എന്റെ ഗ്രാമം എന്റെ ജനത' ഒന്നാം സ്ഥാനം നേടി. പിന്നീട് ചിന്ത അത് പുറത്തിറക്കുകയുണ്ടായി .രണ്ടാമത്തെ നോവലായ 'അരക്കില്ലം' മാതൃഭൂമിയിൽ ഖണ്ഡശ്ശയായി പ്രസിദ്ധീകരിച്ചു. ഈ അടുത്താണ്' കാലം സാക്ഷി' എന്ന നോവൽ എഴുതിയത് '

**10. മഹാകവി വള്ളത്തോളുമായുള്ള സ്മരണകൾ:**

മഹാകവി വള്ളത്തോൾ എന്റെ അച്ഛന്റെ സുഹൃത്തായിരുന്നു. വള്ളത്തോൾ മാഷിന്റെ മകൻ സി.അച്യുതക്കുറുപ്പ് എന്റെ അച്ഛന്റെ മരുമകൾ തങ്കത്തെയാണ് കല്യാണം കഴിച്ചത്. മഹാകവി പലതവണ എന്റെ വീട്ടിൽ വന്നു താമസിച്ചുണ്ട്. മഹാകവി എത്തി എന്നറിഞ്ഞാൽ കുറുപ്പുമാഷ്, വൈലോപ്പിള്ളി മാഷ്, കുഞ്ഞികൃഷ്ണ മേനോൻസാർ, എം.ഡി. ഹരിശർമ്മ സാർ എടപ്പള്ളിയിൽ തന്നെ ഉള്ള മറ്റ് സാഹിത്യാസ്വാദകർ ഒക്കെ

വരും. ശ്ലോകം ചൊല്ലലും സാഹിത്യ ചർച്ച യുമായി പിന്നെ ഒരു മേളം തന്നെയാണ്.

മഹാകവിയെ കുറിച്ച് ഓർക്കുമ്പോൾ രസകരമായ ഒരു സംഭവം ഉണ്ട്. ഒരിക്കൽ മഹാകവി എത്തിയത് സന്ധ്യ കഴിഞ്ഞാണ്. അദ്ദേഹത്തിന്റെ ഭക്ഷണകാര്യത്തിലുള്ള നിഷ്ഠയൊക്കെ അമ്മയ്ക്ക് കൃത്യമായി അറിയാം. അതിരാവിലെ കുളിയും ജപവും കഴിഞ്ഞാൽ ഏഴര മണിയോടെ പാൽക്കഞ്ഞിയും. വീട്ടിലാണെങ്കിൽ അന്ന് ചെറുപയറില്ല. പശു ഉള്ളതു കൊണ്ട് പാലിന് ക്ഷാമമില്ല. അമ്മയുടെ പരിഭ്രമം കണ്ട മഹാകവി കാര്യം അന്വേഷിച്ചു. ഉള്ളം കൈയിൽ എഴുതി അമ്മ കാര്യം ഗ്രഹിപ്പിച്ചു. 'നിങ്ങൾക്കെന്താ പ്രാതൽ' മഹാകവി അന്വേഷിച്ചു. 'ഇഡ്ഡലിയും സാമ്പാറും' അമ്മ മറുപടി പറഞ്ഞു.' അപ്പൊ എനിക്കും സാമ്പാർ മതി'. പിറ്റേന്ന് മഹാകവി പ്രാതൽ കഴിക്കാനിരുന്നപ്പോൾ അമ്മ ഒരു കിണ്ണത്തിൽ പാൽക്കഞ്ഞിയും, മറ്റേതിൽ സാമ്പാറും വിളമ്പി. രണ്ടിലും ഓരോ പ്ലാവിലയും. ഭക്ഷണത്തിനിടെ മഹാകവി അച്ഛനോട് ചോദിച്ചു.' ഈ പാൽക്കഞ്ഞീം സാമ്പാറും കൂടി കാണുമ്പോൾ മേനോന് എന്തെങ്കിലും തോന്നുന്നുണ്ടോ? ഈ പാൽക്കഞ്ഞീം സാമ്പാറും ഒരു സുന്ദരി നായർ സ്ത്രീക്ക് പട്ടർ സംബന്ധമായതു പോലെ' ....



എല്ലാവരുടേയും ചിരിയുടെ ഇടയിൽ അദ്ദേഹം ഒരു ശ്ലോകവും ഉദ്ധരിച്ചു.' പട്ടാണി തൊട്ട ഗജവും ബത പട്ടർ തൊട്ട മട്ടോമ്പിഴി പ്രകരവും ...'

ഇത്രമാത്രമെ എനിക്കിപ്പോൾ ഓർമ്മയിൽ ഉള്ളു .

**11 . മുണ്ടശ്ശേരിമാഷുമായി ബന്ധപ്പെട്ട ഓർമ്മകൾ .**

മുണ്ടശ്ശേരി സ്മാരക മന്ദിരത്തിന്റെ ഉദ്ഘാടന സമ്മേളനത്തിൽ 'നിരൂപകനായ മുണ്ടശ്ശേരി 'എന്ന മുഖ്യ പ്രബന്ധം അവതരിപ്പിക്കാൻ മാഷിന്റെ അടുത്ത സുഹൃത്തായ കുഞ്ഞുവറീത് മാഷ് എന്നോട് ആവശ്യപ്പെട്ടു. അദ്ധ്യക്ഷൻ സി. അച്യുതമേനോൻ. മറ്റു പ്രസംഗകർ പവനനും അരവിന്ദാക്ഷൻ മാഷും . മുണ്ടശ്ശേരിയുടെ കവിതാപഠനഗ്രന്ഥങ്ങൾ വായിച്ച് അദ്ദേഹത്തിന്റെ കാവ്യ സങ്കല്പങ്ങൾ ഞാൻ ക്രോഡീകരിച്ചു.

'ഉത്തമ കവിതയ്ക്കു വേണ്ട ഗുണങ്ങൾ നാടകീയത, സംഭാഷണ ഭാഷയോടുള്ള അടുപ്പം, പുരോഗമനോന്മുഖമായ സാമൂഹിക ജീവിതത്തോടുള്ള പ്രതിജ്ഞാബദ്ധത എന്നിങ്ങനെ ചിലതാണെന്നാണ് മുണ്ടശ്ശേരി പറഞ്ഞു വച്ചിട്ടുള്ളത്. ആ നിലയ്ക്ക് മുണ്ടശ്ശേരിയ്ക്ക് അഭികാമ്യൻ ആകേണ്ടിയിരുന്ന കവി വള്ളത്തോളാണ്. കാരണം അദ്ദേഹം ഉന്നയിച്ച കാര്യങ്ങൾ വള്ളത്തോൾ കവിതയുടെ മുഖമുദ്രയാണ്. എന്നാൽ ഈ ഗുണങ്ങൾ അത്ര പ്രകടം അല്ലാത്ത ആശാനാണ് മുണ്ടശ്ശേരിയുടെ പ്രധാന കവി'. ഈ പ്രഹേളിക ചുണ്ടിക്കാണിച്ച എന്നെ പവനനും അരവിന്ദാക്ഷൻ മാഷും എതിർത്തു. വായനക്കാരന്റെ അഭിരുചി മാറ്റുകയാണ് മുണ്ടശ്ശേരി ചെയ്തതെന്ന് അവർ പറഞ്ഞു. അത്ഭുതമെന്ന് പറയട്ടെ, അതു കഴിഞ്ഞ് അച്യുതമേനോൻ തുറന്നടിച്ചു. 'പ്രബന്ധകാരൻ പറഞ്ഞതു സത്യമാണ്. ഞാൻ അങ്ങനെ ആലോചിച്ചിട്ടില്ല. പവനനും അരവിന്ദാക്ഷനും പറഞ്ഞതൊക്കെ ശരി, പക്ഷെ പ്രബന്ധകാരൻ ഉന്നയിച്ച സംശയത്തിന് അത് മറുപടിയല്ല'. ആ സംഭവം ഇന്നും മനസ്സിൽ തങ്ങി നിൽക്കുന്നുണ്ട്

**12. മാഷിന്റെ സൗഹൃദ സമ്പത്തിനെക്കുറിച്ച് കേട്ടിട്ടുണ്ട് .....**

ആഗമാനന്ദ സ്വാമികൾ, പ്രഫ. ഗുപ്തൻ നായർ , മുണ്ടശ്ശേരി, വി.വി.കെ വാലത്ത്, മുല്ലനേഴി , ചങ്ങമ്പുഴ , വൈലോപ്പിള്ളി, ബഷീർ, എൻ.വി, ഇയ്യങ്കോട് ശ്രീധരൻ , എം.ആർ സി ഇങ്ങനെ നീണ്ട നിരയിലുള്ള സൗഹൃദ ഭാഗ്യം തന്നെ ഉണ്ടായിട്ടുണ്ട്.

**13.വിവർത്തനങ്ങളെ കുറിച്ച് ...**

നോബൽ പ്രൈസ്സ് ജേതാവായ റൊമൈൻ റോളണ്ട് രചിച്ച ജീൻക്രിസ്റ്റഫ് എന്ന പുസ്തകത്തിന്റെ വിവർത്തന ഓർമ്മകൾ മനസ്സ് നിറഞ്ഞ് നില്ക്കുന്നുണ്ട്.

എം എ പരീക്ഷ കഴിഞ്ഞ അവധിക്കാലത്താണ് ഞാനും അച്ഛനും കൂടി

തർജ്ജമ ചെയ്യാൻ തീരുമാനിക്കുന്നത്. പക്ഷെ ഓരോ കാരണങ്ങളാൽ അതങ്ങനെ മാറിപോയി. അപ്പോഴാണ് അച്ഛൻ മരിക്കുന്നത്. ആ തർജ്ജമ പൂർത്തിയാവാൻ പിന്നെയും നാല് കൊല്ലം എടുത്തു. പതിമൂന്ന് കൊല്ലത്തോളം ഒരു പ്രസാധകരെയും കിട്ടാതെ അതങ്ങനെ കയ്യിൽ വച്ചോണ്ടിരുന്നു. പിന്നെ ഡി.സി ബുക്സാണ് പ്രസിദ്ധീകരിച്ചത്.

**14 .അച്ഛൻ എഴുതുമായിരുന്നോ ?**

എഴുതുമായിരുന്നു. കുറ്റവും ശിക്ഷയും , യുദ്ധവും സമാധാനവും അച്ഛൻ ആണ് തർജ്ജമ ചെയ്തത്.

## 15. മാഷിന്റെ ഓർമ്മക്കുറിപ്പുകൾ അടങ്ങിയ 'കാല്പാടുകളെ ' കുറിച്ച് .....

അമ്പത്തിമൂന്നോളം ഓർമ്മക്കുറിപ്പുകളാണ് പുസ്തകത്തിലുള്ളത്.

'അകം' എന്ന ഭാഗത്ത് 34 ലേഖനങ്ങളും ' പുറം' എന്ന ഭാഗത്ത് 19 ലേഖനങ്ങളും . ' അകം' എന്നുള്ളത് എന്റെ വ്യക്തിപരമായ അനുഭവങ്ങളാണ്. സൗഹൃദത്തിന്റെ ഹൃദ്യമായ ഇടപെടലുകൾ ' പുറം' വ്യക്തമാക്കുന്നു.

**16. ഓരോ മലയാളിയുടേയും വായനാമുറിയിൽ ഉണ്ടാകേണ്ട വിശിഷ്ടാതിഥി ആണ് കേരള സംസ്കാര ചരിത്ര നിഘണ്ടു. അതിനെക്കുറിച്ച് ....**

കേരളത്തിന്റെ ചരിത്രബോധത്തെ കുറിച്ചുള്ള പുസ്തകമാണത്. ഏഴായിരത്തിലധികം ശീർഷകങ്ങൾ ഉണ്ട് . എല്ലാ വിവരണങ്ങളും ഇംഗ്ലീഷ് അക്ഷരമാല ക്രമത്തിൽ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 2007 ൽ വൈജ്ഞാനിക സാഹിത്യത്തിനു നൽകുന്ന കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു.

**17. ഈ വർഷത്തെ പുത്തേഴൻ അവാർഡടക്കം മാഷിന്റെ മുറിയിൽ നിറഞ്ഞു നില്ക്കുന്നുണ്ട് അവാർഡുകൾ . എന്നാലും വായനക്കാരുടെ അറിവിലേക്ക് .....**

കേരള സാഹിത്യ അക്കാദമി സമഗ്ര സംഭാവന പുരസ്കാരം, കേരള സാഹിത്യ അക്കാദമി വൈജ്ഞാനിക ഗ്രന്ഥത്തിനുള്ള പുരസ്കാരം, കേരള ഹിസ്റ്ററി അസോസിയേഷൻ പുരസ്കാരം, എം.എസ് മേനോൻ പുരസ്കാരം, ശൂരനാട് കുഞ്ഞൻപിള്ള പുരസ്കാരം, അങ്കണം വിശിഷ്ട സാഹിതി സേവനാ പുരസ്കാരം, കെ.ദാമോദരൻ പുരസ്കാരം.

## 18 .മാഷിന്റെ കുടുംബം

ഭാര്യ പ്രേമ. കഴിഞ്ഞ ഫിബ്രവരിയിലാണ് അവൾ എന്നെ വിട്ട് പോയത്. മക്കൾ ജയദേവനും ജയകൃഷ്ണനും പേരക്കുട്ടികളും അടങ്ങുന്നതാണ് എന്റെ കുടുംബം .

മാഷിനെ കാണാൻ പോകുമ്പോൾ എനിക്ക് കൂട്ട് തികച്ചും ശൂന്യമായ എന്റെ മനസ്സായിരുന്നു. തിരിച്ചു വരുമ്പോൾ അത് അനുഭവങ്ങളും സ്നേഹവും വാത്സല്യവുമായി നിറഞ്ഞു കവിഞ്ഞിരുന്നു. ഒരിക്കലും അവസാനിക്കാത്ത വിസ്മയത്തോടെ മനസ്സിങ്ങനെ ചോദിച്ചു കൊണ്ടിരുന്നു.

'ഒരു കാലഘട്ടത്തിന്റെ ചരിത്രം മുഴുവൻ ഇത്രയും ലളിതമായി ഒരാൾക്ക് പറഞ്ഞു തരാൻ പറ്റുമോ ...? തിരിച്ചിറങ്ങുമ്പോൾ അത്ഭുതം തീരാത്ത എന്റെ മുഖം കണ്ടിട്ടാവണം മാഷ് ഇങ്ങനെ പറഞ്ഞു ... 'ഇടയ്ക്ക് ഇങ്ങോട്ട് വരണം , ഇനിയും പറഞ്ഞാൽ തീരാത്ത ഒരു പാട് കഥകൾ ഉണ്ട്.' കൂടെ മാഷിന്റെ

സ്വതസിദ്ധമായ ഒരു ചിരിയും. ശരിക്കും മാഷിന്റെ നിറഞ്ഞ ചിരി ഓർമ്മക്കുറിപ്പുകളിൽ പറയുന്ന പോലെ ദൈവത്തിന്റെ ചിരി .... അതേ ഞാൻ കണ്ട ദൈവം തന്നെയാണ് മാഷ്....... ജീവിത സത്യങ്ങളുടെ ... നേർക്കാഴ്ചയുടെ ... ദാർശനിക തത്വങ്ങളുടെ ദൈവം. ●


# വ്യത്യസ്തമായ കഥനശൈലിയും പുതു മണിപ്രവാള ഭാഷയും

**ഡോ. പ്രഭാകരൻ പഴശ്ശി**

**പുസ്തകപരിചയം**

മലയാളകഥ ഏറെ പരിണാമങ്ങൾക്ക് വിധേയമായിട്ടുണ്ട്. കേസരി നായനാരും കെ.സുകുമാരൻ ബി.എ. യുമൊക്കെ കഥയെഴുതിയ കാലത്ത് കൗതുകവിഷയങ്ങളുടെ രസകരമായ ആഖ്യാനമായിരുന്നു, കഥ. ആംഗലേയ കഥകളുടെ അച്ചിൽ വാർത്തെടുത്ത കേരളീയ മാതൃകകൾ, കാല്പനിക കഥകളുടെ കാലമായിരുന്നു അത്. ജീവിതത്തിന്റെ തനിയാവർത്തനമായി മാറിയ റിയലിസ്റ്റിക് കഥകളുടെ കാലത്ത് കഥകളുടെ വേലിയേറ്റമുണ്ടായി. ജീവിതമൊരു തീച്ചൂളയായി മാറിയ വേളയിൽ കഥയെഴുതി നാടു നന്നാക്കാനിറങ്ങിയവർ പുരോഗമന സാഹിത്യകാരന്മാർ, അവർക്കു പിന്നാലെ ജീവിതത്തിൽ നിന്നകന്ന് പുകമറയിൽ കഥയെഴുതിയ ആധുനികർ. പിന്നീടാണ് ഉത്തരാധുനിക കഥകളുടെ പുതുയുഗപ്പിറവി.

ഉത്തരാധുനിക കഥകൾക്ക് രണ്ടവസ്ഥകളുണ്ടെന്നു പറയാം. ആധുനികതയുടെ എതിർ ദിശയിൽ കഥയെ കഥയിലേക്ക് തിരിച്ചു കൊണ്ടു വന്ന, ജീവിതത്തിലേക്കാനയിച്ച ആദ്യകാലം. ആഖ്യാന ശൈലിക്കു പ്രാമുഖ്യം സിദ്ധിച്ച ആധുനികതയുടെ കാലത്തു നിന്ന് ആഖ്യാനത്തിനും ആശയത്തിനും പുതിയ രൂപം നല്കിയ കഥകളാണന്നുണ്ടായത്. ഉത്തരാധുനികതയുടെ രണ്ടാമദ്ധ്യായത്തിൽ ലക്ഷ്യബോധവും അച്ചടക്കവും സാമൂഹ്യപുരോഗതിയുമൊന്നും കഥയ്ക്ക് വേണ്ടാതായി.




മാതൃഭൂമി ആഴ്ചപതിപ്പുണ്ടാക്കിയ അച്ചിൽ നിന്ന് ഒഴുകിയിറങ്ങുന്ന ചില കാളമൂത്രസമാനമായ വൈകൃതങ്ങളെയും നാം കഥയെന്നു വിളിക്കുന്നു; ചിലർ കൊണ്ടാടുന്നു.

കഥാനിരൂപണം മലയാളത്തിൽ അസ്തമിച്ചിരിക്കുന്നുവോ എന്ന ആശങ്കയിലാണ് നാം. കെ.പി. അപ്പനും എം.കൃഷ്ണൻ നായരും ഒരുകാലത്ത് കഥകളെ കാത്തുരക്ഷിച്ച നിരൂപകരായിരുന്നു. അത്തരം നിരൂപകർ ഇന്നില്ല എന്നത് കഥയിലെ അരാജക / ജനവിരുദ്ധ ശക്തികളെ പനപോലെ വളർത്തു

ന്നുണ്ട്.

യഥാർത്ഥത്തിൽ മലയാളത്തിൽ ഉത്തരാധുനിക കഥകളുണ്ടാകുന്നത് സാഹിത്യത്തിലല്ല, സിനിമയിലാണ്. കഥ, നോവലെറ്റ്, നോവൽ എന്നിവയുടെ പുതുവഴികളാണ് ന്യൂ ജനറേഷൻ എന്ന ഉത്തരാധുനിക സിനിമയിലെ മിക്ക തിരക്കഥകളും. കഥകളെ തിരക്കഥകളാക്കുന്നതിനു പകരം തിരക്കഥകളെ കഥകളും നോവലുകളുമാക്കി തിരിച്ച് പരിവർത്തനം ചെയ്യേണ്ട കാലമാണിത്.

ഞാൻ കഥയെഴുതുന്ന കാലത്ത് സജീവമായി കഥയെഴുതിക്കൊണ്ടിരുന്ന സാഹിത്യകാരനാണ്, പ്രൊഫ. വി. പി.ജോൺസ്. ചില ലക്കങ്ങളിൽ ഞങ്ങളൊന്നിച്ചു പ്രത്യക്ഷപ്പെട്ടിട്ടുമുണ്ട്. ഒരേ സ്കൂളിൽ പഠിച്ചവരാണെങ്കിലും കണ്ടു മുട്ടാൻ വൈകിയവർ. കൂർക്കഞ്ചേരി ജെ.പി.ഇ.ബി.ടി.എസ്സിലെ ഹെഡ്മിസ്ട്രസ് ജി. പാറുക്കുട്ടി ടീച്ചറിലൂടെയാണ് ഞങ്ങൾ നേരത്തേ പരസ്പരബദ്ധരാകുന്നത്. വർഷങ്ങൾ കഴിഞ്ഞാണ് നേരിൽ കാണുന്നതെന്നു മാത്രം. പിന്നീട് സാത്വികനും സ്നേഹസമ്പന്നനുമായ ഒരു ജ്യേഷ്ഠസഹോദരനായി ഒപ്പമുണ്ട്.

കഴിഞ്ഞ വർഷം ഗ്രീക്ക് ഇതിഹാസത്തെ അടിസ്ഥാനപ്പെടുത്തി പ്രൊഫ. വി.പി. ജോൺസ് അശ്വാരൂഢൻ എന്നൊരു നോവലെഴുതിയിരുന്നു. ആഖ്യാന ശൈലിയിലും അവതരണരീതിയിലും കറതീർന്ന സൃഷ്ടിയായിരുന്നു അത്. പി.കെ.ബാലകൃഷ്ണന്റെ ഇനി ഞാനുറങ്ങട്ടെ, എം.ടി.വാസുദേവൻ നായരുടെ രണ്ടാമൂഴം തുടങ്ങിയ ഇതിഹാസാസ്പദ കൃതികളുടെ അതേ നിരയിൽത്തന്നെ സ്ഥാനം കൊടുക്കാവുന്ന നോവൽ. കാവ്യാത്മകവിവരണങ്ങളും ഉദ്വേഗജനകമായ മുഹൂർത്തങ്ങളും കൊണ്ട് അനുഗൃഹീതമായ കൃതി.

ഈലിയ ബുക്സ് പുറത്തിറക്കുന്ന വി.പി. ജോൺസിന്റെ 'ആകാശക്കുന്നിനുമപ്പുറത്ത്' എന്ന കഥാസമാഹാരത്തെ കഥാകാലത്തിന്റെ ഏതറയിൽ കെട്ടിയിടാമെന്നു നോക്കിയാൽ നാം പതറുകയേയുള്ളൂ. കാല്പനികമാണോ യഥാതഥമാണോ ആധുനികമാണോ അത്യന്താധുനികമാണോ എന്നു കൃത്യമായി പറയാൻ കഴിയില്ല. അല്ലെങ്കിൽ അങ്ങനെയൊരു കള്ളിയിൽ കഥയെ കുത്തിത്തിരുകേണ്ട ആവശ്യമെന്താണ്? അവയിൽ നിന്ന് കുതറി മാറാൻ കഴിയുന്നതു തന്നെ കഥാകാരന്റെ കഴിവാണെന്നു പറയേണ്ടിവരും.

കാല്പനികവും യഥാതഥവും ആധുനികവും ഉത്തരാധുനികവുമായ സാധാരണവിഷയങ്ങളെ അസാധാരണമായ ഒരു ശൈലിയിൽ ആവിഷ്കരിക്കുന്നു എന്ന നിലയിലാണ് ഈ കഥാസമാഹാരം വിലയിരുത്തപ്പെടുക. ചിലയിടങ്ങളിൽ ക്ലാസിക് ശൈലിയാണെങ്കിൽ ചിലയിടങ്ങളിൽ ഇതരശൈലികളാണ് കാണപ്പെടുക, ക്ലാസിക് ശൈലിയെ ഹാസ്യാത്മകമായി ഉപയോഗിക്കുമ്പോൾ കഥയ്ക്ക് മറ്റൊരു മാനം കൈവരുന്നുണ്ട്. പഴയ ഭാഷയും പുതിയ ഭാഷയും നാടൻ ശൈലിയും ആംഗലേയപദങ്ങളുമടങ്ങുന്ന ഒരു പുതുമണിപ്രവാളമാണ് വി.പി. ജോൺസിന്റെ കഥാഭാഷ. പ്രണയവും വിവാഹവും വിവാഹമോചനവും കുടുംബജീവിതവും സ്ത്രീസുരക്ഷയും ഗർഭവും മാതൃത്വവും മരണവും മറ്റു ദൈനംദിന വിഷയങ്ങളും കഥാകൃത്ത് സ്വീകരിക്കുമ്പോൾ അവസാന കഥയിൽ ഏറെക്കാലം തന്റെ കൂടെ കഴിഞ്ഞ സ്വന്തം ഭാര്യയെ തന്റെ ഭർതൃപദവി പരാജയമെന്നു കണ്ട് ഭാര്യയുടെ അഭിലാഷം മാനിച്ച് അവരുടെ വർഷങ്ങൾക്കു മുമ്പുള്ള കാമുകനെ ഏല്പിക്കാൻ പോകുന്ന 'വരദാനം' എന്ന കഥയുടെ ഇതിവൃത്തം അനന്യമാണ്. **'ആകാശക്കുന്നിനുമപ്പുറത്ത്'** എന്ന കഥയുടെ ഇതിവൃത്തവും തുലോം വ്യത്യസ്തമാണ്. കഥാപാത്രങ്ങളാകട്ടെ വൈവിദ്ധ്യം നിറഞ്ഞവർ. ആർത്താറ്റ് അച്ചുതൻകുട്ടിയും ശേഖരിക്കുട്ടിയും ബർണാഡും ബർണ്ണദീത്തയും സുജാമേഴ്സിയും വിശാൽ ജേക്കബും ആൻഡേഴ്സനും ആഞ്ജലീനയും യശോധർ ചതോപാദ്ധ്യായയും ശ്യാമാനന്ദൻ മുഖോപാദ്ധ്യായയും എന്നു വേണ്ട, കൊച്ചുകേരളത്തിൽ നിന്ന് മാറി, ലോകമാസകലം നിറഞ്ഞു നില്ക്കുന്ന പാത്രലോകമാണ് ഈ കഥകളിൽ.

ശൈലിയിലും ഇതിവൃത്തത്തിലും പതിവിൽ നിന്നും മാറി സഞ്ചരിക്കുന്ന വി.പി. ജോൺസിന്റെ ഈ കഥാ സമാഹാരവും സഹൃദയലോകം കൈ നീട്ടി സ്വീകരിക്കുമെന്നു പ്രതീക്ഷിക്കാം.


●

# ചിരട്ടച്ചായ

## ( മറവിയിൽ ഒരു മഹാത്മാവ് )



കെ. സന്തോഷ്




എന്താണ് ചിരട്ടച്ചായ?

ചിരട്ടയിൽ കുടിക്കുന്ന ചായയാവും ചിരട്ടച്ചായ.

ഉത്തരം എത്ര സരളം!

പക്ഷെ അതിന്റെ പിന്നിലെ യാഥാർത്ഥ്യം അത്ര സരളമല്ല.

എന്തുകൊണ്ടാവും അവർ ചിരട്ടയിൽ ചായ കുടിക്കാൻ കാരണം?

ഒരു ചെയ്ഞ്ച് ആയിക്കോട്ടെ എന്ന് കരുതി ആകുമോ?

അല്ല.ഒരിക്കലുമല്ല.

നമ്മുടെ നാട്ടിൽ ഒരു കാലത്ത് അടിസ്ഥാന ജനവിഭാഗത്തിന് കടയിൽ പോയിരുന്നത് മറ്റുള്ളവരെപ്പോലെ ഗ്ലാസ്സിൽ ചായ കുടിക്കാൻ അനുവാദമുണ്ടായിരുന്നില്ല.( അനേകം അവകാശ ലംഘനങ്ങളിൽ ഒന്ന് )

അവർ കടയുടെ കുറച്ച് ദൂരെ മാറി നിന്ന് ചായ വേണമേയെന്ന് നീട്ടി വിളിച്ചു പറയും.അപ്പോൾ കടയുടമ വഴിയിൽ കുത്തി നിർത്തിയിരിക്കുന്ന കമ്പിൽ സ്ഥാപിച്ചിട്ടുള്ള ചിരട്ടകളിൽ ചായ പകർന്നു വെയ്ക്കും.ഉടമ പോയതിന് ശേഷം,ആവശ്യക്കാർ വന്ന് ചായ മോന്തി പൈസയും വച്ച് പൊയ്ക്കൊള്ളണം. ( പൈസയ്ക്ക് അയിത്തമില്ല )

എന്നാൽ ഇത്തരം ചിരട്ടച്ചായ സമ്പ്രദായത്തെ തട്ടിത്തെറിപ്പിച്ച്,1930ൽ വർക്കല വിളബ് ഭാഗം ജംഗ്ഷനിൽ ഒരു പുതിയ ചായക്കട തന്നെ തുറന്ന്, തമ്പുരാക്കന്മാരുടെ തിട്ടൂരങ്ങളെ കാറ്റിൽ പറത്തി

ചരിത്രത്തിൽ ഇടം നേടിയ വ്യക്തിയാണ് ' വർക്കല എസ്.രാഘവൻ'

ശില്പി ഗുരുപ്രസാദ് അയ്യപ്പൻ രചിച്ച 'ചിരട്ടച്ചായ' എന്ന ജീവചരിത്ര പുസ്തകം പറയുന്നത് ആ വിപ്ലവകാരിയുടെ ജ്വലിക്കുന്ന ജീവിത കഥയാണ്.

*കാക്കത്തോനി മല മിച്ച ഭൂമി സമരം

*കുറുന്തോട്ടയും പോച്ച സമരം

*ക്ഷൗരക്കത്തി സമരം

*മുങ്ങാരം പുല്ല് ചന്ത സമരം തുടങ്ങി കേരള ചരിത്രത്തിൽ അടയാളപ്പെടുത്തേണ്ട നിരവധി സമരം മുന്നേറ്റങ്ങൾ നയിച്ച വ്യക്തിയാണ് വർക്കല എസ്.രാഘവൻ!

നിർഭാഗ്യവശാൽ മറവിയുടെ കരിയിലകൾ വീണ് ഇത്രനാളും മറഞ്ഞു കിടന്നിരുന്ന അദ്ദേഹത്തിന്റെ ജീവിത സമരങ്ങൾ,ശില്പി ഗുരുപ്രസാദ് അയ്യപ്പനിലൂടെ പുതിയ തലമുറയ്ക്ക് തിരിച്ചു കിട്ടിയിരിക്കുകയാണ്.അദ്ദേഹത്തോട് നാം നന്ദി പറയുക.

ഏതെങ്കിലും അക്കാദമിയോ, സംഘടനകളോ മുൻകൈയെടുത്ത് ചെയ്യേണ്ട പ്രവർത്തനമാണ്, ഗുരുപ്രസാദ് അയ്യപ്പൻ എന്ന വ്യക്തി,

ഒറ്റയ്ക്ക് സ്വന്തം നിലയിൽ ചെയ്തിരിക്കുന്നത്.ഈ വലിയ പുസ്തകം അദ്ദേഹത്തിന് ഏല്പിക്കുന്ന സാമ്പത്തിക ഭാരവും ചെറുതല്ല.

വരുന്ന തലമുറയ്ക്കായ് ഇത്തരം ഒരു ബ്രഹദ് സംരംഭത്തിന് ഇറങ്ങിപ്പുറപ്പെട്ട ഗുരുപ്രസാദ് അയ്യപ്പൻ ശരിക്കും ഒരു ഒറ്റയാൾ പോരാട്ടമാണ് നടത്തിയിരിക്കുന്നത്.

അയ്യങ്കാളിയുടെയും നാരായണഗുരുദേവന്റെയും സമകാലികനായ വർക്കല എസ് രാഘവൻ അവർകളുടെ ജീവിതകഥ വരും തലമുറ അറിയട്ടെ.

പുസ്തകത്തിനും രചയിതാവിനും എല്ലാവിധ ഭാവുകങ്ങളും നേരുന്നു. ●




കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ, നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച് മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന ഓരോ ചെറിയ വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര മാതൃകയാവട്ടെ...

കുട്ടികളുടെ മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ.. വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക... ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ് ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. vyaparakeralam@gmail.com എന്ന ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച











**ദേവാനന്ദ്** M.S., IX C, CMGHSS, **കുറ്റൂർ, തൃശൂർ.**



**കതിർ കെ ദേവ്**
ആറാം ക്ലാസ്,
ഗവ.യു.പി.എസ്. നെടുമ്പ്രക്കാട്,
ചേർത്തല

കവിത

## ഇരുട്ട്

യുദ്ധം അവസാനിച്ചു
ചുറ്റും പുക....
കൂരിരുട്ട്....
കാർമേഘം മൂടിയ ആകാശം
അവിടെ ഒരു മൂലയിൽ കൊച്ചു വെളിച്ചം
ഒരു കുഞ്ഞു പൂവ് എല്ലാം മറന്ന് ചിരിക്കു
ന്നു
അവളുടെ മേൽ ഇരുട്ട് പരക്കുന്നു

**അനുശ്രീ സി ആർ**
**2-ാം തരം**
**ഗവൺമെന്റ് യുപി സ്കൂൾ കോങ്ങാട്**

## മരണം

ഞാൻ കേട്ടു,
മരണത്തിന്റെ കാലടി ശബ്ദം.
എന്നെ വിളിക്കരുതെന്നാഗ്രഹിച്ചു,
എൻ സ്വപ്നങ്ങൾ
പൂർണമല്ല,
നിന്നിലേക്ക് മടങ്ങാൻ
ഞാൻ ഒരുങ്ങിയില്ല,
നയനങ്ങൾ അടയുന്നു.

**ഹാദിയ സി.സി**
**പത്താം ക്ലാസ് ,**
**മനാറുൽ ഹുദാ മദ്രസ,**
**മുതുവടത്തൂർ**

## മഴവില്ല്

മാനത്തുള്ളൊരു മേഘപ്പെണ്ണിന് ,
പല നിറമുണ്ടേ കൈവള തരിവള .
വമ്പ് പെരുത്തൊരു മിന്നൽക്കുട്ടൻ,
പെട്ടന്നയ്യോ തട്ടിയുടച്ചു ,
വാനത്തയ്യാ വീണു കിടപ്പൂ ,
മഴവില്ലാകും വളപ്പൊട്ട് !

ഭദ്ര എസ്.
V B
ജി.യു.പി.എസ്. വരടിയം